**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 457** **24-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാലാനുസൃതവും നവീനവുമായ വികസന ആവശ്യങ്ങൾ നിറവേറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാലാനുസൃതവും നവീനവുമായ വികസന ആവശ്യങ്ങൾ നിറവേറ്റാൻ അവയെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അവയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>22.03.2023 ലെ സ.ഉ. (കൈ) നം. 77/2023/ ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെയും നഗര ഭരണ സ്ഥാപനങ്ങളുടെയും വസ്തു നികുതി 01.04.2023 മുതൽ പുതുക്കി നിശ്ചയിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. 2023-24 മുതൽ ഓരോ വർഷവും തൊട്ടുമുൻവർഷത്തെ നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തുന്നതിനും വ്യവസ്ഥ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പുതിയതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിശ്ചയിക്കുന്നതിനുള്ള നിരക്കുകളിലും കാലികമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br><br>അതുപോലെ ഗ്രാമപഞ്ചായത്തുകളുടെയും നഗര ഭരണ സ്ഥാപനങ്ങളുടെയും അനിവാര്യ ചുമതലയായ കെട്ടിട നിർമ്മാണ നിയന്ത്രണത്തിന്റെ ഭാഗമായുള്ള ബിൽഡിംഗ് പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ് എന്നിവ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.<br><br>ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി വിനോദ നികുതി ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി, സിനിമ ഉൾപ്പെടെയുള്ള എല്ലാ വിനോദങ്ങളെയും ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വിനോദ നികുതിയുടെ പരിധിയിൽ കൊണ്ടുവരികയും, എല്ലാത്തരം |

വിനോദങ്ങൾക്കും വിനോദ നികുതി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഒടുക്കേണ്ട നികുതി യഥാസമയം ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ഈടാക്കാവുന്ന പിഴ തുക ഒരു ശതമാനത്തിൽ നിന്നും രണ്ട് ശതമാനം ആയി വർദ്ധിപ്പിച്ചുകൊണ്ടുള്ള ആക്ടിലെ ഭേദഗതിയും ഈ ഇനത്തിലുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന തൊഴിൽ നികുതിയുടെ സ്ലാബുകൾ പതിറ്റാണ്ടുകൾക്ക് ശേഷം പരിഷ്കരിക്കുകയും അത്‌വഴി തനത് വരുമാനത്തിൽ കാലികമായ വർദ്ധനവിന് സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതിയുടെ ഉയർന്ന പരിധി പരിഷ്കരിക്കുന്നതിന് ഭരണഘടനാ ഭേദഗതി ആവശ്യമാണ്.

ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി ആരംഭിക്കപ്പെട്ട സംരംഭങ്ങളുടെ ലൈസൻസ് ഫീസിനത്തിലും അവയുടെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസനത്തിലും അവിടുത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലും യുക്തിപൂർവ്വമായ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ആക്ടുകളിൽ വരുത്തിയിട്ടുള്ള ഭേദഗതികളുടെ ഭാഗമായി നിയമ ലംഘകരുടെ മേൽ ചുമത്താവുന്ന പിഴയുടെ നിരക്കുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവ്, മാലിന്യ പരിപാലനത്തിനൊപ്പം ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വരുമാന വർദ്ധനവിന് കാരണമാകും.

ഗ്രാമപഞ്ചായത്തുകളുടെ ലൈസൻസ് ചട്ടം സമഗ്രമായി പരിഷ്കരിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത് വരെ ലൈസൻസ് ലഭ്യമാകാതിരുന്ന അനേകം സംരംഭങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങളുടെ ലൈസൻസ് ചട്ട പരിഷ്കരണത്തിലൂടെ ലൈസൻസ് ലഭിക്കുമ്പോൾ അത് തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിലും പ്രതിഫലിക്കും.

കൂടാതെ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾക്കും ഇടപെടലുകൾക്കും സർക്കാർതലത്തിൽ രൂപം നൽകിയിട്ടുമുണ്ട്. തനത് വരുമാനത്തിൽ ഉണ്ടാകുന്ന വർദ്ധനവിന് പ്രത്യേകം

| | | | |
|---|---|---|---|
| | | | ഇൻസെന്റീവ് നൽകുന്നതിനുള്ള സ്കീമുകളും സർക്കാർതലത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കൂടാതെ, വികസന പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി പൊതുമേഖലാ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും, സഹകരണ ബാങ്കുകളിൽ നിന്നും വായ്പാധിഷ്ഠിത വിഭവസമാഹരണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ പഞ്ചായത്ത് സ്വകാര്യപങ്കാളിത്തം (PPP), പഞ്ചായത്ത് സഹകരണ സ്ഥാപന പങ്കാളിത്തം (PCP), പഞ്ചായത്ത്-സ്വകാര്യ-സഹകരണ സ്ഥാപന പങ്കാളിത്തം (PPCP) എന്നീ രീതികളിൽ ഉല്പാദന സേവന അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ പ്രൊജക്ടുകൾ ഏറ്റെടുക്കാനും അനുവാദം നൽകിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള കെ.യു.ആർ.ഡി.എഫ്.സി. മുഖേന വരുമാന വർദ്ധനവിനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചു. |
| (ബി) | ജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത്, വാർഡ് തലങ്ങളിൽ എംപ്ലോയ്മെന്റ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | എംപ്ലോയ്മെന്റ് സെൽ എന്ന പേരിൽ ഒന്ന് രൂപീകരിച്ചിട്ടില്ല എങ്കിലും, വിദ്യാഭ്യാസ നിലവാരം, തൊഴിൽ ലഭ്യത, തൊഴിലില്ലായ്മയുടെ വ്യാപ്തി എന്നിവയും, നിലവിൽ ലഭ്യമായ വ്യവസായ തൊഴിൽ സാധ്യതകളും കമ്പോളത്തിന്റെ സ്വഭാവവും വിശകലനം ചെയ്ത് പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തദ്ദേശഭരണ സ്ഥാപനത്തിന് സ്വീകരിക്കാൻ കഴിയുന്ന സമീപനവും പ്രവർത്തനങ്ങളും സംബന്ധിച്ച് പ്രായോഗിക നിർദേശങ്ങൾ നൽകുന്നതിനുവേണ്ടി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് അവരുടെ യോഗ്യതയ്ക്കും അഭിരുചിയ്ക്കും അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ബ്ലോക്ക്-മുനിസിപ്പൽ-കോർപറേഷൻ തലങ്ങളിലും ജോബ് സ്റ്റേഷനുകൾ സ്ഥാപിച്ച് തുടങ്ങിയിട്ടുണ്ട്.<br><br>കൂടാതെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ 04.01.2023 തീയ്യതിയിലെ സ.ഉ.(കൈ)നം. 3/2023/LSGD ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ ഇടപെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തിക വികസനത്തിന്റെ ഊർജ്ജസ്രോതസ്സായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മികച്ച സഹകരണം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തികവികസനത്തിന്റെ ഊർജ്ജ സ്രോതസ്സായി മാറ്റുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ സംരംഭകത്വ തൊഴിൽ വികസന കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. തൊഴിൽ ദായക സംരംഭക പ്രൊപ്പോസലുകളുടെ സാധ്യത പരിശോധിക്കുന്നതിനായി സംരംഭകത്വ തൊഴിൽ വികസന കൗൺസിലിലെ അംഗങ്ങൾക്കിടയിൽ നിന്നും സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ചെറുകിട ഇടത്തരം വ്യവസായ മേഖലയെ സഹായിക്കുന്നതിനുവേണ്ടി ടെക്നോളജി/ ടെക്നോളജി കൈമാറ്റ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, റിവൈവൽ ഫണ്ട്, ഇൻകുബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം എന്നീ ഇനങ്ങളിലായി തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുവാനും കഴിയും.<br><br>സംരംഭകവർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉൾപ്പടെ സഹകരണത്തോടെ, വ്യവസായ വകുപ്പ് തുടക്കമിട്ടിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനായി എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടത്തി വരുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ ഹെൽപ്പ്ഡെസ്കുകളും ഇതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. സംരംഭകർക്കുള്ള പൊതു ബോധവത്കരണ പ്രോഗ്രാമുകൾ, ലോൺ/ ലൈസൻസ്/ ലോൺ സബ്സിഡി മേളകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ്മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം 'സംരംഭക സഭ' എന്ന പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിയിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായുള്ള സംരംഭങ്ങൾ, | (ഡി) | ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ പ്രാമുഖ്യം |

| | | | |
|---|---|---|---|
| | തൊഴിലവസരങ്ങൾ, വരുമാന വർദ്ധനവ് എന്നിവ ലക്ഷ്യമിടുന്നുണ്ടോ; വിവിധ നടപടികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചതുവഴി ഗ്യാപ് ഫണ്ട് ആവശ്യമായി വന്നിരുന്ന പഞ്ചായത്തുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | | നൽകണമെന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിച്ചിട്ടുമുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ, തൊഴിൽദായക സംരംഭങ്ങൾ, നൈപുണ്യ വികസനം എന്നിവയ്ക്കാവശ്യമായ പ്രോജക്ടുകൾ ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കുവാൻ കഴിയുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം, ഒരു ഉത്പന്നം (One Local body One Product- OLOP) എന്ന ആശയം നടപ്പിലാക്കുന്നതിനും, പ്രസ്തുത ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായുള്ള വിവിധ നടപടികളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചത് വഴി ഗ്യാപ് ഫണ്ട് ആവശ്യമായി വന്നിരുന്ന പഞ്ചായത്തുകളുടെ എണ്ണം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local Economic Development) നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.3/2023/LSGD തീയതി,തിരുവനന്തപുരം, 04-01-2023

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. സ.ഉ.(കൈ) നം.214/2022/തസ്വഭവ, തീയതി 15.09.2022

**ഉത്തരവ്**

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഇരുപത്തിയഞ്ചുവർഷം പൂർത്തിയായ പശ്ചാത്തലത്തിൽ, സുസ്ഥിര സാമ്പത്തിക വികസനം, വിജ്ഞാന സമൂഹ സൃഷ്ടി, പ്രകൃതി വിഭവ സംരക്ഷണം, അതിജീവന ശേഷി വർദ്ധിപ്പിക്കൽ, ദാരിദ്ര്യനിർമ്മാർജ്ജനം ഇവ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യങ്ങളാക്കി ഏറ്റെടുത്തു നടത്തിവരുന്നത്. പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ് പതിനാലാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ, പാർശ്വവത്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങൾ എന്നിവരുടെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ വിഷയമാണ്.

2. തുടർ പ്രളയങ്ങൾ, കോവിഡ് എന്നീ പ്രതിസന്ധികളിൽപ്പെട്ട് സാമ്പത്തിക വളർച്ച മന്ദീഭവിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ഉൽപാദന മേഖലയുൾപ്പെടെയുള്ള വിവിധ സാമ്പത്തിക മേഖലകളുടെ വികസനവും അതിലൂടെ സാധ്യമാകുന്ന തൊഴിലവസര സൃഷ്ടിയും സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മുൻഗണനകളാണ്. വിദ്യാസമ്പന്നരുടെ ഇടയിലെ തൊഴിലില്ലായ്മ, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലെ കുറവ്, തൊഴിലെടുക്കുന്നവരുടെ മേലുള്ള വർധിച്ച ആശ്രിതത്വം, പ്രവാസികളുടെ തൊഴിൽ നഷ്ടം എന്നിവയടക്കം സംസ്ഥാനം നേരിടുന്ന സാമൂഹിക സാമ്പത്തിക പ്രതിസന്ധികളെ നേരിടുന്നതിന് തൊഴിൽ സാദ്ധ്യതകളും തൊഴിൽ ദായകരെയും സൃഷ്ടിച്ചു കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ

നേതൃത്വത്തിൽ ആയിരത്തിൽ അഞ്ചുപേർക്കെങ്കിലും തൊഴിൽ നൽകുന്നതിനുള്ള ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ ലക്ഷ്യം കൈവയ്ക്കുന്നതിനായി ഇതിനകം പല പരിപാടികളും ആരംഭിച്ച കഴിഞ്ഞു. തൊഴിലന്വേഷകരുടെ വിപുലമായ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്. Knowledge മിഷന്റെയും KDISC ന്റെയും പ്രവർത്തനങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളും പങ്കാളികളാണ്. വ്യവസായ വകുപ്പിന്റെ intern കളും തദ്ദേശഭരണ തലത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ സംരംഭകരാകാനും തൊഴിൽ കണ്ടെത്താനും താല്പര്യമുള്ളവർക്ക് വേണ്ടി തൊഴിൽ സഭകളും അവയുടെ തുടർ പ്രവർത്തനവും പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി, പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും സ്വയംതൊഴിൽ, തൊഴിൽദായക സംരംഭങ്ങൾ, വിജ്ഞാന സമൂഹ സൃഷ്ടിയുടെ ഘടകങ്ങളിലൊന്നായ നൈപുണ്യ വികസനം എന്നിവക്കായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. ഇവയെല്ലാം കൂട്ടി കെട്ടി കൊണ്ടും തദ്ദേശ ഭരണ സ്ഥാപനത്തലത്തിലുള്ള പദ്ധതികളെയും പ്രവർത്തനങ്ങളുടെ ഏകോപനവും ഉറപ്പാക്കികൊണ്ടുമുള്ള ചട്ടക്കൂടിന്റെ ആവശ്യമുണ്ട്.

3. ഇതിനായുള്ള പൊതുരൂപരേഖയും സംരംഭക പ്രവർത്തനമടക്കമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾക്ക് അനുവദിക്കാവുന്ന സഹായം സംബന്ധിച്ച വിവരങ്ങളും പരാമർശം 1 മുതൽ 3 വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള, തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികളും പ്രോജക്ടുകളും തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗരേഖ ഉത്തരവുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിനെ അടിസ്ഥാനപ്പെടുത്തി, പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പിൽ വരുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്ത് അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. വ്യവസായ - വാണിജ്യ വകുപ്പ് ഡയറക്ടർ
12. ലേബർ കമ്മിഷണർ
13. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
14. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
15. ചീഫ് ടൗൺ പ്ലാനർ

16. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
17. മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്
18. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ASAP കേരള
19. മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് ആൻഡ് എക്സലൻസ് (KASE)
20. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
21. എല്ലാ ജില്ലാ കളക്ടർമാർക്കും
22. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
24. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
26. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
27. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
28. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
29. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
30. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
31. ഡയറക്ടർ ജനറൽ, കില
32. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
33. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
34. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
35. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
36. തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്
37. വ്യവസായ വകുപ്പ്
38. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sureshkumar K**
**Date: 04-01-2023 12:35:55**

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

# തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
# പ്രാദേശിക സാമ്പത്തിക വികസന പദ്ധതി
# (Local Economic Development)

# മാർഗ്ഗരേഖ

## 1. ആമുഖം

(1) കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചിട്ട് ഇരുപത്തിയഞ്ച് വർഷങ്ങൾ പൂർത്തീകരിച്ച ഈ അവസരത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ പശ്ചാത്തല, ക്ഷേമ മേഖലകളിൽ വലിയ നേട്ടമുണ്ടാക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ടെന്ന് കാണാം. എന്നാൽ ഉത്പാദന മേഖലയിൽ കാര്യമായ മുന്നേറ്റം സാധ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നത് ഒരു വസ്തുതയായി നിലനിൽക്കുന്നു. തുടർ പ്രളയങ്ങൾ, കോവിഡ് എന്നീ പ്രതിസന്ധികളിൽപ്പെട്ട് സാമ്പത്തിക വളർച്ച മന്ദീഭവിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ഉൽപാദന മേഖലയുൾപ്പെടെയുള്ള വിവിധ സാമ്പത്തിക മേഖലകളുടെ വികസനവും അതിലൂടെ സാധ്യമാകുന്ന തൊഴിലവസര സൃഷ്ടിയും നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മുൻഗണനകളാണ്. പ്രസ്തുത സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരത്തിൽ അഞ്ചുപേർക്കെങ്കിലും തൊഴിൽ നൽകുന്നതിനുള്ള ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(2) ഇന്ത്യയുടെ വികസന ഭൂപടത്തിൽ സവിശേഷമായ സ്ഥാനമാണ് കേരളത്തിനുള്ളത്. സാമൂഹ്യവികസന രംഗത്തെമികച്ച നേട്ടങ്ങളാണ് സംസ്ഥാനത്തിന് ഇത്തരമൊരു സ്ഥാനം നൽകുന്നത്. വിദ്യാഭ്യാസ മേഖലയിലെ മികവ്, താരതമ്യേന കൂടിയ പ്രതീക്ഷിത ആയുസ്, ഉയർന്നസാക്ഷരതാ നിരക്ക്, സ്ത്രീകൾക്കനുകൂലമായ ജനസംഖ്യാ അനുപാതം എന്നിവയൊക്കെ സംസ്ഥാനത്തിന്റെ പ്രത്യേകതകളാണ്.

(3) മേൽപറഞ്ഞ അനുകൂല ഘടകങ്ങൾ നിലനിൽക്കെത്തന്നെ ഗൗരവതരമായ നിരവധി പ്രശ്നങ്ങൾ സംസ്ഥാനം നേരിടുന്നുണ്ട്. വിദ്യാസമ്പന്നരുടെ ഇടയിലെ തൊഴിലില്ലായ്മ അതിൽ പ്രധാനമാണ്. 2020 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഇന്ത്യാ ഗവൺമെന്റിന്റെ ആനുകാലിക തൊഴിൽസേനാ പഠന റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ തൊഴിലില്ലായ്മ 9% ആണ്.

(4) തൊഴിലെടുക്കുന്നവരുടെ മേലുള്ള വർധിച്ച ആശ്രിതത്വം സംസ്ഥാനം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. സംസ്ഥാനത്തെ അറുപതുവയസ്സിനു മുകളിൽ പ്രായമുള്ളവരുടെ ശതമാനം (16.5%) ദേശീയശരാശരിയേക്കാൾ ഏറെ മുകളിലാണ്. സാമൂഹ്യ വികസനത്തിലെ നേട്ടങ്ങളുടെ ഫലമായിട്ടാണ് ഈ സ്ഥിതി ഉണ്ടായിട്ടുള്ളത്. കേരളത്തിൽ 2031 ആകുമ്പോഴേക്കും അറുപതുവയസ്സിനു മുകളിൽ പ്രായമുള്ളവരുടെ ശതമാനം 20.9 ആയിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. തൊഴിൽസേനയുടെ വലുപ്പം താരതമ്യേന കുറയുകയും തൊഴിലെടുക്കുന്നവരെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ശതമാനം

ഗണ്യമായി കൂട്ടുകയും ചെയ്യുമെന്നർത്ഥം. ഈ അവസ്ഥ തരണം ചെയ്യുന്നതിന് തൊഴിലില്ലായ്മ പരമാവധി കുറയ്ക്കുക മാത്രമാണ് മാർഗ്ഗം.

(5) സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലെ (31.9%) കുറവാണ് സംസ്ഥാനം നേരിടുന്ന മറ്റൊരു പ്രശ്നം. ഇത് ദേശീയ ശരാശരിയേക്കാൾ (2017–18 ൽ 25.3%) കൂടുതലാണെങ്കിലും, സംസ്ഥാനത്തെ സ്ത്രീകളുടെ താരതമ്യേന മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ തൊഴിൽ പങ്കാളിത്ത നിരക്ക് കുറവാണ്.

(6) സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ മൂന്നിലൊന്ന് പ്രവാസി വരുമാനമാണ്. കോവിഡ് 19 കാരണം പ്രവാസികളുടെയിടയിലുണ്ടാകുന്ന വ്യാപകമായ തൊഴിൽനഷ്ടവും വരുമാനത്തിൽ അതുണ്ടാക്കിയ ഭീമമായ ഇടിവും സംസ്ഥാനം നേരിടുന്ന പുത്തൻ വെല്ലുവിളികളാണ്. വരുമാന നഷ്ടത്തോടൊപ്പം തൊഴിൽ നഷ്ടപ്പെട്ട മടങ്ങിയെത്തുന്ന പ്രവാസികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ട സാഹചര്യവും നിലവിലുണ്ട്.

(7) പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി സമൂഹങ്ങളിലേയ്ക്ക് കേരളത്തിന്റെ പൊതുവികസന നേട്ടങ്ങളുടെ ഗുണഫലങ്ങൾ ഇനിയും കൂടുതലായി എത്തേണ്ടതുണ്ട്.

(8) പ്രാദേശികമായി തൊഴിൽ സൃഷ്ടിക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഇതിന്റെ ഫലമായി വിവിധ പദ്ധതികളുടെ പിന്തുണയോടു കൂടിയും സ്വയം മുതൽമുടക്കിയും വിവിധ വികസന മേഖലകളിൽ സംരംഭങ്ങൾ ഉയർന്നു വരുന്നുണ്ട്. എന്നാൽ പലപ്പോഴും അനുകൂല സാഹചര്യങ്ങളുടെയും സമയബന്ധിതമായ പിന്തുണാ സഹായങ്ങളുടെയും അഭാവത്തിൽ ഇത്തരം സംരംഭങ്ങളിൽ പലതിനും ലാഭകരമായി വളരാൻ സാധിച്ചിട്ടില്ല. ഈ മേഖലയിലേക്ക് വരുന്നവരിൽ കൂടുതൽപേരും പരമ്പരാഗത രീതിയിലുള്ള സംരംഭങ്ങൾ മാത്രം തിരഞ്ഞെടുക്കുന്നതും പുത്തൻ ആശയങ്ങളും സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്താത്തതും ഇതിന് ഒരു കാരണമായിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസന ലക്ഷ്യം മുൻനിർത്തി വികസന ഏജൻസികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇത്തരത്തിലുള്ള കുറവുകൾ പരിഹരിക്കുന്നതിന് കൂടുതൽ ക്രിയാത്മകമായി ഇടപെടാൻ കഴിയും.

(9) സാമൂഹിക വികസനരംഗത്തെ പ്രശംസനീയമായ നേട്ടങ്ങളും മാനവവിഭവശേഷിയും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സാമ്പത്തിക വികസന രംഗത്തെ വെല്ലുവിളികളെ മറികടക്കാൻ സാധിക്കേണ്ടതുണ്ട്. ഈ ശ്രമത്തിൽ കേരളത്തിലെ ശക്തമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗുണപരമായ പങ്കുവഹിക്കാൻ സാധിക്കും.

(10) വികസന മേഖലകളിൽ കൂടുതൽ മൂലധന നിക്ഷേപം ഉറപ്പാക്കി സുസ്ഥിരമായ സാമ്പത്തിക വികസന ലക്ഷ്യത്തിലേയ്ക്ക് മുന്നേറുക, ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കുക, സംരംഭകത്വ പ്രോത്സാഹനത്തിലൂടെ കൂടുതൽ തൊഴിൽ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ തദ്ദേശഭരണസ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങൾ പുനരാവിഷ്കരിക്കേണ്ടതുണ്ട്.

(11) ഇതു സംബന്ധിച്ച പൊതു രൂപരേഖ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവൽസര പദ്ധതി മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. ആ രൂപരേഖയെ അടിസ്ഥാനപ്പെടുത്തിയുള്ള വിശദമായ മാർഗരേഖയാണ് ചുവടെ ചേർത്തിരിക്കുന്നത്.

## 2. പ്രാദേശിക സംരംഭകത്വ വികസന സാധ്യതകൾ – ചില ഉദാഹരണങ്ങൾ

(1) ഒരു പ്രദേശത്തെ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യോല്പാദനം, ടൂറിസം, സേവനം മുതലായ സാമ്പത്തിക മേഖലകളിൽ പുതിയ ഉല്പാദന രീതികൾ, പുതിയ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ, പുതിയ വിപണന സമ്പ്രദായങ്ങൾ, പുതിയ ഉപഭോക്തൃ സേവനങ്ങൾ എന്നിങ്ങനെ ധാരാളം സംരംഭക സാധ്യതകൾ ഉണ്ടാവാനിടയുണ്ട്. ഉൽപ്പന്നങ്ങളുടെ മൂല്യ ശൃംഖലകളുടെ വിവിധ ഘട്ടങ്ങളിൽ നിലനിൽക്കുന്ന സംരംഭകത്വ സാധ്യതകൾ പരിശോധിച്ച് ഏറ്റവും യോജിച്ചവയിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള സംരംഭകത്വ പ്രോത്സാഹനത്തിനാണ് അവസരം ഒരുക്കേണ്ടത്. ഉദാഹരണത്തിന് കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർധനയും വൈവിധ്യവൽക്കരണവും ഏറെ സംരംഭകത്വ സാധ്യതയുള്ള മേഖലയാണ്. ഇത്തരം സംരംഭങ്ങൾക്കുള്ള സാങ്കേതിക ഉപദേശം നൽകുന്ന സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സേവനം അതിനായി വിനിയോഗിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്.

(2) പ്രാദേശികത്തനിമയുള്ള ഉൽപ്പന്നങ്ങളുടെ രംഗത്ത് ഏറെ സംരംഭകത്വ സാധ്യതകൾ നിലനിൽക്കുന്നുണ്ട് (ഉദാഹരണമായി ആറന്മുളക്കണ്ണാടി, മറയൂർ ശർക്കര പോലുള്ളവ). ഭൂമിശാസ്ത്രപരമായ വ്യതിരിക്തതയാൽ ഭൗമസൂചികാപദവി നേടിയിട്ടുള്ള തദ്ദേശീയ ഉല്പന്നങ്ങൾ ആഗോളതലത്തിൽ വരെ സവിശേഷ ബ്രാൻഡിംഗിന്റെയും ട്രേഡ് മാർക്കുകളുടെയും പേറ്റന്റിന്റെയും പിൻബലത്തിൽ വിപണനം നടത്തുന്നതിന്റെ സാധ്യതകൾ ഏറെയാണ്. ആരോഗ്യകരമായ ഭക്ഷണശീലങ്ങളോട് ജനങ്ങൾ കാണിക്കുന്ന താല്പര്യം പുതിയ സംരംഭക സാധ്യതകൾ തുറന്നിട്ടുണ്ട്. ഉദാഹരണത്തിന് ശുദ്ധമായ പാൽ, മുട്ട, മത്സ്യം, മാംസം, പച്ചക്കറികൾ എന്നിവ കൃഷിയിടങ്ങളിൽ നിന്ന് നേരിട്ട് ഉപഭോക്താക്കളിൽ എത്തിക്കുന്ന വിപണന ശൃംഖലകൾ സ്ഥാപിക്കുന്നതും പുതിയ സാധ്യതകൾ തുറന്നു തരുന്നുണ്ട്.

(3) വൈവിദ്ധ്യമാർന്ന സേവനങ്ങൾ ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ എത്തിക്കുക, ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും ഏറ്റെടുക്കുക, ഉല്പന്നങ്ങൾക്ക് ആകർഷകമായ പായ്ക്കിംഗ് സൗകര്യങ്ങൾ സ്ഥാപിക്കുക, എന്നിങ്ങനെ സേവന മേഖലയിലെ സംരംഭങ്ങൾക്കും സാദ്ധ്യതയുണ്ട്.

## 3. പ്രാദേശിക സാമ്പത്തിക വികസനം – സമീപനവും രീതിശാസ്ത്രവും

(1) സാമ്പത്തിക വികസനം ലക്ഷ്യമാക്കി സംസ്ഥാനത്ത് വിവിധ വകുപ്പുകളും ഏജൻസികളും സംരംഭകത്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി പരിഗണിച്ച് പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വയംതൊഴിൽ, തൊഴിൽദായക സംരംഭങ്ങൾ, സംരംഭകത്വ വികസനം, നൈപുണ്യ വികസനം എന്നിവ തൊഴിൽ സൃഷ്ടിക്കും വ്യക്തികളുടെയും കുടുംബങ്ങളുടെയും, പ്രദേശത്തിന്റെയും വികസനത്തിനും പ്രയോജനപ്പെടും.

(2) തദ്ദേശഭരണസ്ഥാപന തലത്തിൽ മുഴുവൻ വികസന സാധ്യതകളും വിഭവങ്ങളും കണ്ടെത്തി അവയെ പരമാവധി വരുമാനദായക പ്രവർത്തനങ്ങളാക്കി മാറ്റുക എന്ന സമീപനമാണ് പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാക്കുന്നതിന് അവലംബിക്കേണ്ടത്. ഇതിനായി വിവിധ മേഖലകളിലുള്ള വിഭവങ്ങളും അവസരങ്ങളും

ശാസ്ത്രീയമായി അപഗ്രഥനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local Economic Development Plan) ഉണ്ടായിരിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖകളിൽ നിഷ്കർഷിക്കുന്നുണ്ട് [സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022, സ.ഉ.(കൈ)നം.86/2022/തസ്വഭവ തീയതി 19.04.2022 എന്നിവ കാണുക]. ഉപജീവനോപാധികളുടെ വൈവിധ്യവൽക്കരണം, സംരംഭകത്വം എന്നിവയോടൊപ്പം നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകിയാണ് ഈ പദ്ധതി തയ്യാറാക്കേണ്ടത്.

(3) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കുമ്പോൾ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ നേരിടുന്ന വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ്, മറ്റ് ദുർബല വിഭാഗക്കാർ തുടങ്ങിയവർക്ക് ആവശ്യമായ പരിഗണന ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(4) തുടർന്നുള്ള വർഷങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്തുന്നത്, പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ ആർജ്ജിക്കുന്ന നേട്ടങ്ങളെക്കൂടി അടിസ്ഥാനമാക്കിയായിരിക്കും. ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിലും ആയിരം പേരിൽ അഞ്ചു പേർക്കെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ശ്രമിക്കുന്നത്. നിലവിലുള്ള സാഹചര്യങ്ങൾക്ക് പുറമെ പ്രാദേശിക സാമ്പത്തിക വികസനത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ മികച്ച 'സംരംഭകത്വ-നൈപുണ്യ വികസന സൗഹൃദ' അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്.

(5) പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനായി സംരംഭകത്വ വികസനത്തിലും, പ്രവർത്തനം മന്ദീഭവിച്ച സംരംഭങ്ങളുടെ പുനരുജ്ജീവനത്തിലും, നൈപുണ്യ വികസനത്തിലും അധിഷ്ഠിതമായ നിർവഹണ രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രാദേശിക സാമ്പത്തിക വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംക്ഷിപ്തമായി താഴെക്കൊടുത്തിരിക്കുന്നു.

**(എ) സംരംഭകത്വ വികസനം**

(1) സംരംഭകത്വ വികസനത്തിലൂടെ സുസ്ഥിരമായ പ്രാദേശിക വികസനം സാധ്യമാക്കി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പങ്ക് വലുതാണ്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും ഒപ്പം സാമ്പത്തിക പ്രതിസന്ധിമൂലമോ മറ്റ് കാരണങ്ങളാലോ പ്രവർത്തനം മന്ദീഭവിച്ച സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും പര്യാപ്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ മുൻകൈ എടുക്കണം എന്നതാണ് പുതിയ സമീപനത്തിന്റെ കാതൽ. സംരംഭം തുടങ്ങുന്നതിനോ സംരംഭക ആശയങ്ങൾ വികസിപ്പിക്കുന്നതിനോ നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനോ പുനരുജ്ജീവിപ്പിക്കുന്നതിനോ ആവശ്യമായി വരുന്ന മൂലധനം, സ്ഥലലഭ്യത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സാങ്കേതിക സഹായത്തിനുള്ള ധനസഹായം, സംരംഭങ്ങളെ പരിരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങളുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള സഹായം മുതലായവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ

കഴിയും. തൊഴിലവസരങ്ങളിൽ ഉണ്ടാകാവുന്ന മാറ്റം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, പ്രാദേശിക പിന്നോക്കാവസ്ഥ, സംരംഭങ്ങളുടെ വളർച്ചാ സാധ്യത, പ്രാദേശിക സർക്കാരുകൾക്ക് നൽകാവുന്ന പിന്തുണ തുടങ്ങിയ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള അനുകൂലാന്തരീക്ഷം സൃഷ്ടിച്ച് പ്രാദേശിക സർക്കാരുകളും സംരംഭകരും തമ്മിൽ സഹകരണാത്മകമായ ബന്ധം വളർത്തിയെടുക്കേണ്ടതുണ്ട്.

**(ബി) നൈപുണ്യ വികസനം**

വിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവുമുള്ള തൊഴിൽരഹിതർക്ക് നൈപുണ്യ വികസനത്തിലൂടെ തൊഴിലവസരങ്ങൾ ലഭിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പരിശീലനച്ചെലവ് പൂർണ്ണമായോ ഭാഗികമായോ അതത് വ്യക്തികൾ തന്നെ വഹിക്കുന്ന സമീപനമാണ് പരിശീലനങ്ങളിൽ സ്വീകരിക്കേണ്ടത്. പരിശീലനാർത്ഥി ഭാഗികമായി പരിശീലനച്ചെലവ് വഹിക്കുന്ന സന്ദർഭത്തിൽ ബാക്കി തുക കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സ്കീമുകളുമായുള്ള സംയോജനത്തിലൂടെയോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലൂടെയോ കണ്ടെത്തണം. നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കാവുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഖണ്ഡിക 10-ൽ നൽകിയിട്ടുള്ളത് കാണുക.

**4. സംരംഭകത്വ വികസനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം**

(1) തൊഴിൽമേഖലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇതുവരെ മുഖ്യമായും വ്യക്തിഗത/ഗ്രൂപ്പ് അധിഷ്ഠിത തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ, റിവോൾവിംഗ് ഫണ്ട് നൽകൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത് [ഇവയുടെ വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022ൽ നൽകിയിട്ടുള്ളത് കാണുക]. സംരംഭങ്ങൾ അടക്കമുള്ള തൊഴിൽദായക സംവിധാനങ്ങൾ ആരംഭിക്കുന്നതിലും അവയെ ശക്തിപ്പെടുത്തുന്നതിലും സംരംഭങ്ങൾക്ക് ആവശ്യമായ അനുകൂല കാലാവസ്ഥ സൃഷ്ടിക്കുന്നതിലും സംരംഭകത്വ വികസനത്തിന് ആവശ്യമായ പശ്ചാത്തല - സാങ്കേതിക - സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ചെയ്തുവരുന്ന പ്രവർത്തനങ്ങൾക്കൊപ്പം സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നൂതനമായ സേവനങ്ങൾ നൽകുന്ന സഹായ (facilitating) ഏജൻസിയായി കൂടി വികസിക്കേണ്ടതുണ്ട്.

(2) പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് താഴെപ്പറയുന്ന മൂന്ന് തരത്തിലുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാദ്ധ്യതയുണ്ട്.

**(a) സംരംഭകരുടെ സ്വന്തം മുതൽമുടക്കിൽ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾ:**

തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്നും യാതൊരുവിധ സാമ്പത്തിക സഹായവും നൽകേണ്ടതില്ലാത്ത സംരംഭങ്ങളെയാണ് ഇവിടെ ലക്ഷ്യമിടുന്നത്. സ്വന്തം മുതൽമുടക്കിൽ സംരംഭം നടത്താൻ ശേഷിയുള്ളവർക്ക് അനുകൂലവും പ്രോത്സാഹജനകവുമായ പിന്തുണയും നൽകലാണ് തദ്ദേശ ഭരണസ്ഥാപനം ഇവിടെ ചെയ്യേണ്ടത്. സംരംഭകന്റെ പ്രായപരിധിയോ

വരുമാന പരിധിയോ പരിഗണിക്കാതെ ഇത്തരം സംരംഭങ്ങൾക്ക് ആവശ്യമായ വിവിധതരം സേവനവും പിന്തുണയും തദ്ദേശഭരണ സ്ഥാപനം നൽകേണ്ടതാണ്. ഇത്തരം സംരംഭകർക്ക് ആവശ്യമെങ്കിൽ ഖണ്ഡിക 9.4 (5) ൽ പ്രതിപാദിച്ചിട്ടുള്ള ഭൂമിയും കെട്ടിടവും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, മാനവവിഭവശേഷി തുടങ്ങിയവയുള്ള സഹായങ്ങൾ നൽകാവുന്നതാണ്.

**(b) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവിധതരം ധനസഹായത്തോടെ/സബ്സിഡിയോടെ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾ:**

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹരായ സംരംഭകർക്ക് സബ്സിഡിയിലൂടെ പ്രോത്സാഹനം നൽകുന്ന രീതിയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മാനദണ്ഡങ്ങൾക്കനുസരിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾക്കും തൊഴിൽദായക സംരംഭങ്ങൾക്കും പലിശ സബ്സിഡി ഉൾപ്പെടെയുള്ള സഹായം നൽകാവുന്നതാണ്. ഇതോടൊപ്പം പൊതുവെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയസമീപനവും തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഇത്തരം പുതിയ സംരംഭങ്ങൾക്ക് നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായി സാങ്കേതികവിദ്യ കൈവരിക്കുന്നതിനുള്ള ധനസഹായം (ടെക്നോളജി ഫണ്ട്), നവീനാശയങ്ങൾ വിപുലീകരിക്കുന്നതിനുള്ള ഇന്നൊവേഷൻ ഫണ്ട്, പുതുസംരംഭങ്ങളെ ആദ്യഘട്ടങ്ങളിൽ പരിരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള (ഇൻകുബേഷൻ) സഹായം, അടിസ്ഥാന മുതൽമുടക്കിനാവശ്യമായ ധനസഹായം (സീഡ് ഫണ്ടിംഗ്) തുടങ്ങിയ സഹായങ്ങൾ നൽകാവുന്നതാണ് [ഖണ്ഡിക 6(6) കാണുക].

**(c) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണം:**

നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും വളർച്ചയ്ക്കും നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസരിച്ച് തദ്ദേശഭരണ സ്ഥാപനം സംരംഭങ്ങളെ സഹായിക്കുന്ന രീതിയാണിത്. ഇവിടെയും സാങ്കേതികവിദ്യ വാങ്ങുന്നതിനും, നിലവിലുള്ള സാങ്കേതികവിദ്യകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട് എന്നിവയും പുതിയ സംരംഭകത്വ ആശയങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഇന്നവേഷൻ ഫണ്ട്, പ്രതിസന്ധികളെ തരണം ചെയ്യുന്നതിനുള്ള ക്രൈസിസ് മാനേജ്മെൻറ് ഫണ്ട്, സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്), പ്രാരംഭദശയിൽ സംരംഭങ്ങളെ പരിരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഇൻകുബേഷൻ ഫണ്ട്, പ്രാരംഭ മുതൽമുടക്കിനുള്ള സീഡ് ഫണ്ട് സപ്പോർട്ട് സ്കീം തുടങ്ങിയ സഹായങ്ങൾ നൽകാവുന്നതാണ്. സംരംഭകർ സമർപ്പിക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകളുടെ സാങ്കേതിക സ്വഭാവമനുസരിച്ച് വിവിധ സാങ്കേതിക സമിതികളുടെ വിശദ പരിശോധനയ്ക്കും ശുപാർശയ്ക്കും അനുസരിച്ചാണ് വിവിധതരം സഹായങ്ങൾ ലഭ്യമാക്കേണ്ടത്.

## 5. പ്രാദേശിക സാമ്പത്തിക വികസനം – സംഘടനാ സംവിധാനം

### 5.1 സംരംഭകത്വ–തൊഴിൽ വികസന കൗൺസിൽ (Entrepreneurship and Employment Development Council)

(1) പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിലയിരുത്തുന്നതിനുമായി ത്രിതല പഞ്ചായത്ത്/നഗരസഭാതലങ്ങളിൽ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയറുടെ അധ്യക്ഷതയിൽ സംരംഭകത്വ–തൊഴിൽ വികസന കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) തൊഴിൽ സൃഷ്ടിയിലും നൈപുണ്യ വികസനത്തിലും അവയിലൂടെയുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ സാദ്ധ്യതകൾ, ഇടപെടൽ മേഖലകൾ എന്നിവയെ സംബന്ധിക്കുന്ന ദർശനവും സമീപനവും രൂപീകരിക്കേണ്ടത് സംരംഭകത്വ–തൊഴിൽ വികസന കൗൺസിലാണ്. ലഭ്യമായിട്ടുള്ള പ്രകൃതി വിഭവങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ, മാനവ വിഭവശേഷി എന്നിവയ്ക്കനുസരിച്ചുള്ള ഒരു സാമ്പത്തിക വികസനനയം കരുപ്പിടിപ്പിക്കുന്നതിന് മാർഗനിർദ്ദേശം നൽകാൻ കൗൺസിലിന് കഴിയണം. വിദ്യാഭ്യാസ നിലവാരം, തൊഴിൽ ലഭ്യത, തൊഴിലില്ലായ്മയുടെ വ്യാപ്തി എന്നിവയും നിലവിൽ ലഭ്യമായ വ്യവസായ/തൊഴിൽ സാധ്യതകളും കമ്പോളത്തിന്റെ സ്വഭാവവും വിശകലനം ചെയ്ത് പ്രാദേശിക സാമ്പത്തിക വികസനരംഗത്ത് തദ്ദേശഭരണ സ്ഥാപനത്തിന് സ്വീകരിക്കാൻ കഴിയുന്ന സമീപനവും പ്രവർത്തനങ്ങളും സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ നൽകേണ്ടത് കൗൺസിലിന്റെ ഉത്തരവാദിത്തമായിരിക്കും.

(3) സംരംഭകത്വ – തൊഴിൽ വികസന കൗൺസിലുകളുടെ ഘടന ചുവടെ ചേർക്കുന്നു.

**(എ) ഗ്രാമപഞ്ചായത്തുതലം**

അധ്യക്ഷ(ൻ) – ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

ഉപാധ്യക്ഷ(ൻ) – ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്

കൺവീനർ – ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ജോയിന്റ് കൺവീനർ – കുടുംബശ്രീ മെമ്പർ സെക്രട്ടറി

**അംഗങ്ങൾ**

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും

സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ

കുടുംബശ്രീ സി ഡി എസ് ചെയർ പേഴ്സൺ

വ്യവസായ വകുപ്പ് ഇന്റേൺ

യൂത്ത് കോ–ഓർഡിനേറ്റർ

ബാങ്ക്/ സഹകരണ സ്ഥാപന പ്രതിനിധികൾ

കുടുംബശ്രീ എം.ഇ.സി.

വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ

ചെറുകിട വ്യവസായി സംഘടനാ പ്രതിനിധികൾ

പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ

പ്രവാസി സംഘടനാ പ്രതിനിധികൾ

സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ

ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

**(ബി) ബ്ലോക്ക് പഞ്ചായത്ത് തലം**

അധ്യക്ഷ(ൻ) – ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

ഉപാധ്യക്ഷ(ൻ) – ബ്ലോക്ക്പഞ്ചായത്ത് വൈസ് പ്രസിഡന്റ്

കൺവീനർ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ജോയിന്റ് കൺവീനർ – വ്യവസായ വികസന ഓഫീസർ

**അംഗങ്ങൾ**

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും

താലൂക്ക് എംപ്ലോയ്മെന്റ് ഓഫീസർ

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ

കുടുംബശ്രീ സി ഡി എസ് ചെയർ പേഴ്സൺ

കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർ (സംരഭകത്വം)

കുടുംബശ്രീ എം.ഇ.സി.

ബി.എൽ.ബി.സി പ്രതിനിധി

വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ

ചെറുകിട വ്യവസായ സംഘടനാ പ്രതിനിധികൾ

പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ

പ്രവാസി സംഘടനാ പ്രതിനിധികൾ

സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ

ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

**(സി) ജില്ലാ പഞ്ചായത്ത് തലം**

അധ്യക്ഷ(ൻ) – ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

ഉപാധ്യക്ഷ(ൻ) –ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ്

കൺവീനർ – ജില്ലാ പഞ്ചായത്ത് സെക്രട്ടറി

ജോയിൻ കൺവീനർ –കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ

**അംഗങ്ങൾ**

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ്

ജില്ലാ പ്ലാനിംഗ് ഓഫീസർ

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ

ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ

ജില്ലാ ഇന്നോവേഷൻ കൗൺസിൽ പ്രതിനിധി

ജില്ലാ ചേംബർ ഓഫ് കൊമേഴ്സ്, പ്രതിനിധി

കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ (സ്കിൽസ്)

കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ (മൈക്രോ എന്റർപ്രൈസസ്)

ASAP ജില്ലാ പ്രോഗ്രാം മാനേജർ

KASE ജില്ലാ പ്രോഗ്രാം മാനേജർ

കെ –ഡിസ്ക്/ഒ.എൽ.ഒ.ഐ ജില്ലാ കോഡിനേറ്റർ

ലീഡ് ബാങ്ക് പ്രതിനിധി

വ്യാപാര വ്യവസായ ചെറുകിട വ്യവസായ സംഘടന പ്രതിനിധികൾ,

പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ

യൂത്ത് വെൽഫെയർ ഓഫീസർ

ഡിടിപിസി സെക്രട്ടറി

സ്റ്റാർട്ട്അപ് പ്രതിനിധികൾ

ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

**(ഡി) നഗരസഭാ തലം**

അധ്യക്ഷ(ൻ) – മേയർ /നഗരസഭ ചെയർപേഴ്സൺ

ഉപാധ്യക്ഷ(ൻ) – ഡെപ്യൂട്ടി മേയർ/ നഗരസഭാ വൈസ് ചെയർമാൻ

കൺവീനർ – നഗരസഭാ സെക്രട്ടറി

ജോയിന്റ് കൺവീനർ – യു പി എ. പ്രൊജക്റ്റ് ഓഫീസർ/ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

**<u>അംഗങ്ങൾ</u>**

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും

താലൂക്ക് എംപ്ലോയ്മെന്റ് ഓഫീസർ

സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ

സിഡിഎസ് ചെയർപേഴ്സൺമാർ

വ്യവസായ വകുപ്പ് ഇന്റേൺ

ലീഡ് ബാങ്ക് പ്രതിനിധി

കുടുംബശ്രീ സിറ്റി മിഷൻ മാനേജർ

യൂത്ത് കോ–ഓർഡിനേറ്റർ

കുടുംബശ്രീ എം.ഇ.സി.

വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ

ചെറുകിട വ്യവസായ സംഘടനാ പ്രതിനിധികൾ

പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ

പ്രവാസി സംഘടനാ പ്രതിനിധികൾ

സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ

ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

(4) സംരംഭകത്വ–തൊഴിൽ വികസന കൗൺസിൽ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. സംരംഭകത്വ–തൊഴിൽ വികസന കൗൺസിൽ രൂപീകരിക്കേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനത്തിനായിരിക്കും. ആകെ അംഗസംഖ്യയുടെ മൂന്നിലൊന്നായിരിക്കും സംരംഭകത്വ തൊഴിൽ വികസന കൗൺസിലിന്റെ ക്വാറം. ചെയർമാന്റെയും കൺവീനറുടെയും ഹാജർ സംരംഭകത്വ–തൊഴിൽ വികസന കൗൺസിലിന്റെ യോഗത്തിൽ നിർബന്ധമായിരിക്കും.

### 5.1.1 സംരംഭകത്വ–തൊഴിൽ വികസന കൗൺസിലിന്റെ ചുമതലകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ചുമതലകൾ തദ്ദേശഭരണ സ്ഥാപനതല സംരംഭകത്വ–തൊഴിൽ വികസന കൗൺസിൽ നിർവഹിക്കേണ്ടതാണ്.

(a) സുസ്ഥിരമായ സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, വികസന മേഖലകളിൽ കൂടുതൽ മൂലധന നിക്ഷേപം ഉറപ്പാക്കുക, സംരംഭകത്വ പ്രോത്സാഹനത്തിലൂടെയും നൈപുണ്യ വികസനത്തിലൂടെയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായ ഏജൻസിയായി പ്രവർത്തിക്കുക എന്നതായിരിക്കും സംരംഭകത്വ തൊഴിൽ വികസന കൗൺസിലിന്റെ മുഖ്യ ചുമതല.

(b) സാങ്കേതിക സമിതി (ഖണ്ഡിക 5.2 കാണുക) പരിശോധിച്ച് സമർപ്പിക്കുന്ന തൊഴിൽസഭയിൽ നിന്നും ഉയർന്നു വരുന്ന സംരംഭകത്വത്തിനും തൊഴിലിനുമായുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് വികസന സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന തദ്ദേശഭരണ സ്ഥാപന സമിതിക്ക്/കൗൺസിലിന് സമർപ്പിക്കുക.

(c) തൊഴിൽസഭയുടെ ഭാഗമായി ഉയർന്നുവരുന്ന സംരംഭകത്വ സാധ്യതകളും തൊഴിലവസരങ്ങളും ക്രോഡീകരിക്കുക.

(d) അവസ്ഥാപഠനം, വിഭവ നിർണ്ണയം എന്നിവ നടത്തുക, കരട് സാധ്യതാ പ്ലാൻ തയ്യാറാക്കുന്നതിന് ശിൽപ്പശാല സംഘടിപ്പിക്കൽ, സംരംഭകത്വ നൈപുണ്യമീറ്റ് സംഘടിപ്പിക്കൽ, പ്രോജക്ട് ക്ലിനിക്ക് സംഘടിപ്പിക്കൽ, ഹാക്കത്തോണുകൾ സംഘടിപ്പിക്കൽ (ഹാക്കത്തോണുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 4 ആയി നൽകിയിട്ടുള്ളത് കാണുക), സംരംഭകത്വ അവബോധ പരിപാടികൾ, നൈപുണ്യ അവബോധ പരിപാടികൾ, സംരംഭകത്വ നൈപുണ്യ പ്ലാനുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കും നിർവ്വഹണ ഘട്ടത്തിലെ വിവിധ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക

(e) ഡി.പി.ആർ (Detailed Project Report) സഹിതമുള്ള തൊഴിൽദായക സംരംഭ പ്രൊപ്പോസലുകളുടെ സാധുത പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകൽ

(f) കൂടുതൽ സാങ്കേതിക പരിശോധന ആവശ്യമുള്ള ഡി.പി.ആർ സഹിതമുള്ള തൊഴിൽദായക സംരംഭ പ്രൊപ്പോസലുകൾ വിഷയാടിസ്ഥാനത്തിലുള്ള ബന്ധപ്പെട്ട ജില്ലാതല സാങ്കേതിക സമിതിയ്ക്ക് ശുപാർശയ്ക്കായി നൽകൽ

(g) സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തി ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രേഡഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സംരംഭക പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്), ഇൻക്യൂബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം തുടങ്ങിയവയുള്ള പ്രൊപ്പോസലുകളുടെ അംഗീകാരത്തിനായി ജില്ലാതല സാങ്കേതിക സമിതിക്ക് സമർപ്പിക്കൽ.

(h) സംരംഭകരുടെ സഹായത്തിനായി ഇൻകുബേഷൻ സെന്ററുകൾ, പരിശീലന ഏജൻസികൾ അവയുടെ ഉല്പന്ന വികസനത്തിനുള്ള സാങ്കേതിക സഹായം/ ഇന്റേൺഷിപ്പ്, വ്യവസായ വകുപ്പിന്റെ ടെക്നോളജി ക്ലിനിക്കുകൾ, മാർക്കറ്റിംഗ് പ്രക്രിയകളുടെ കൺസൾട്ടേഷനുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവരുമായി സംരംഭകരെ ബന്ധപ്പെടുത്തുകയും സഹകരണം ലഭിക്കുമെന്ന് ഉറപ്പാക്കുകയും ചെയ്യുക.

(i) എംപ്ലോയബിലിറ്റി സെന്ററുകളുമായുള്ള (ഖണ്ഡിക 5.4 കാണുക) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

(j) വിവിധ പദ്ധതികളുമായും വകുപ്പുകളുമായുമുള്ള സംയോജന സാധ്യത പരിഗണിക്കുകയും ഉറപ്പാക്കുകയും ചെയ്യുക

(k) ബ്ലോക്ക്/നഗരഭരണ സ്ഥാപന പരിധിയിൽ എംപ്ലോയബിലിറ്റി സെന്ററിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ കണ്ടെത്തി ലഭ്യമാക്കൽ.

(l) തദ്ദേശഭരണതലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റി കൃത്യമായി ചേരുന്നു എന്ന് ഉറപ്പാക്കൽ

(m) വിവിധ മേഖലകളിലുള്ള വിദഗ്ധരുടെ സേവനം ലഭിക്കുന്നതിനുള്ള ഇടപെടൽ

(n) മറ്റു തലങ്ങളിലെ പഞ്ചായത്തുകളിലെ വാർഷിക പദ്ധതിയിലുൾപ്പെട്ടിട്ടുള്ള സംരംഭകത്വ പ്രോജക്ടുകളുമായി ബന്ധപ്പെട്ട അപേക്ഷകൾ അത്തരം സ്ഥാപനങ്ങളിലേയ്ക്ക് നൽകൽ.

(o) സംരംഭകത്വവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനത്തിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളിന്മേലുള്ള തുടർ നടപടികൾ നിരീക്ഷിക്കുക. ലൈസൻസ് ലഭ്യമാകുന്നതിനുള്ള തടസ്സങ്ങൾ ഉൾപ്പെടെ പരിശോധിച്ച് പരിഹാര നടപടികൾ നിർദ്ദേശിക്കുക.

(p) സംരംഭകത്വ താല്പര്യം ജനിപ്പിക്കാനുതകുന്ന പൊതു അവബോധ പരിപാടികൾ സംഘടിപ്പിക്കുക.

(q) സംരംഭകർക്കാവശ്യമായ വായ്പകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക

(r) തൊഴിൽസഭകളുടെ ഭാഗമായി രൂപീകരിക്കുന്ന തൊഴിൽ/സംരംഭക ക്ലബുകളുടെ പ്രവർത്തനത്തിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും അഭിരുചിക്കനുസരിച്ച തൊഴിൽ/സംരംഭ സാദ്ധ്യതകൾക്ക് അവസരമൊരുക്കുകയും ചെയ്യുക.

(s) തദ്ദേശഭരണസ്ഥാപനതല ശില്പശാലയുടെ നടത്തിപ്പിന് നേതൃത്വം നൽകുക

**5.2 തദ്ദേശഭരണസ്ഥാപനതല സാങ്കേതിക സമിതി (Technical Committee)**

(1) ഡി.പി.ആർ സഹിതമുള്ള തൊഴിൽദായക സംരംഭ പ്രൊപ്പോസലുകളുടെ സാധുത (feasibility) പരിശോധിക്കുന്നതിനായി സംരംഭങ്ങളുടെ വിഷയാടിസ്ഥാനത്തിൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിലെ അംഗങ്ങൾക്കിടയിൽ നിന്നും ചുവടെപ്പറയുന്ന അംഗങ്ങളടങ്ങുന്ന സാങ്കേതിക സമിതി രൂപീകരിക്കണം. ഈ സമിതി സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിന്റെ ഒരു ഉപസമിതിയായി പ്രവർത്തിക്കേണ്ടതാണ്. പ്രസ്തുത സമിതി സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിന്റെ നിർദ്ദേശാനുസരണം യോഗം ചേരേണ്ടതും കൂടുതൽ സാങ്കേതികോപദേശത്തിനായി സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ നൽകിയിട്ടുള്ള ഡിപിആർ സഹിതമുള്ള തൊഴിൽദായക/സംരംഭകത്വ പ്രൊപ്പോസലുകളുടെ സാധുത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2) സാങ്കേതിക സമിതിയിൽ ഉൾപ്പെടുത്താവുന്ന അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(a) അദ്ധ്യക്ഷ(ൻ): തദ്ദേശഭരണ സ്ഥാപന സെക്രട്ടറി

(b) കൺവീനർ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രാമ പഞ്ചായത്ത്) വ്യവസായ വികസനഓഫീസർ (ബ്ലോക്ക് പഞ്ചായത്ത്), യുപിഎ പ്രോജക്ട് ഓഫീസർ/ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ (നഗരസഭ), കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ (ജില്ലാ പഞ്ചായത്ത്).

(c) നിർവ്വഹണ ഉദ്യോഗസ്ഥർ (പരിഗണിക്കുന്ന വിഷയമേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഹാജർ നിർബന്ധമാണ്)

(d) വ്യവസായ വികസന വകുപ്പിലെ ഇന്റേൺ (ഗ്രാമപഞ്ചായത്ത്/ നഗരസഭ)

(e) കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ (ഗ്രാമപഞ്ചായത്ത്/നഗരസഭ)

(f) മൈക്രോ എൻറർപ്രൈസസ് കൺസൾട്ടന്റ് (ഗ്രാമപഞ്ചായത്ത്/നഗരസഭ), ബ്ലോക്ക് കോ-ഓർഡിനേറ്റർ കുടുംബശ്രീ (ബ്ലോക്ക് പഞ്ചായത്ത്), ജില്ലാ പ്രോഗ്രാം മാനേജർ, കുടുംബശ്രീ (ജില്ലാ പഞ്ചായത്ത്)

(g) സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു വിദഗ്ദ്ധർ (ജില്ലാതലത്തിൽ കെ-ഡിസ്കിന്റെയും കുടുംബശ്രീയുടെയും കമ്മ്യൂണിറ്റി ഓഫ് പ്രാക്ടിസസിൽ ഉൾപ്പെട്ടിട്ടുള്ള വിഷയ വിദഗ്ദ്ധരെയും മെന്റർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടർ ഇതിനായി പ്രത്യേകം തയ്യാറാക്കുന്ന വിദഗ്ദ്ധരുടെ പാനലിൽ നിന്നും അനുയോജ്യരായ വിദഗ്ദ്ധരെ ഇതിനായി പരിഗണിക്കേണ്ടതാണ്. ഇവരുടെ സേവനത്തിന് ജില്ലാ കളക്ടർ നിശ്ചയിക്കുന്ന കൺസൾട്ടേഷൻ ഫീസ് തദ്ദേശഭരണ സ്ഥാപനം നൽകേണ്ടതാണ്.)

### 5.2.1 തദ്ദേശഭരണ സ്ഥാപനതല സാങ്കേതിക സമിതിയുടെ ചുമതലകൾ

a. സംരംഭകത്വ – തൊഴിൽ വികസന കൗൺസിൽ നൽകുന്ന ഡി.പി. ആർ സഹിതമുള്ള തൊഴിൽദായക സംരംഭക പ്രൊപ്പോസലുകളുടെ സാങ്കേതിക മേന്മ, ഫലക്ഷമത, സാമ്പത്തിക ഘടകങ്ങൾ, സുസ്ഥിരത, എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകുക.

b. സംരംഭകരുടെ സഹായത്തിനായി ഇൻകുബേഷൻ സെന്ററുകൾ, പരിശീലന ഏജൻസികൾ ഉല്പാദന വികസനത്തിനുള്ള സാങ്കേതിക സഹായം, വ്യവസായ വകുപ്പിന്റെ ടെക്നോളജി ക്ലിനിക്കുകൾ, മാർക്കറ്റിംഗ് പ്രക്രിയകളുടെ കൺസൾട്ടേഷനുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവരുമായി സംരംഭകരെ ബന്ധപ്പെടുത്തുകയും അവയുടെ സഹകരണം ലഭിക്കുമെന്ന് ഉറപ്പാക്കുകയും ചെയ്യുക.

c. പുതിയ സംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും തൊഴിൽ അന്വേഷകർക്കും സാങ്കേതിക ഉപദേശവും പിന്തുണയും നൽകുക.

d. തൊഴിൽസഭാ പ്രവർത്തനങ്ങളുടെ ഏകോപനം.

e. തൊഴിൽസഭയിലൂടെയും തൊഴിൽ ക്ലബ്ബുകളിലൂടെയും ഉയർന്നു വരുന്ന സംരംഭകത്വ/ തൊഴിൽ ആവശ്യങ്ങൾ സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിന്റെ പരിഗണനയിൽ കൊണ്ടു വരിക.

f. പദ്ധതികളുടെ പരിശോധനയ്ക്കായി കൂടുതൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള സംഗതികളിൽ അനുയോജ്യരായ സാങ്കേതിക വിദഗ്ധരുടെ/ഏജൻസികളുടെ സേവനം ഉപയോഗിക്കുക.

g. സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ ഏൽപ്പിക്കുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

### 5.3 എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക്

(1) സംരംഭക പ്രൊപ്പസലുകൾ സ്വീകരിക്കുന്നതിനും സംരംഭങ്ങളും തൊഴിലും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനതലത്തിൽ എന്റർപ്രൊണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കണം.

(2) അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുള്ള ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്കും നഗരസഭകളിൽ ജൂനിയർ സൂപ്രണ്ട്/യു.പി.എ പ്രോജക്ട് ഓഫീസറും ഹെൽപ് ഡെസ്കിന്റെ മേൽനോട്ടം വഹിക്കേണ്ടതാണ്.

(3) സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ചുമതല നിർവഹിച്ചു വരുന്ന ഒരു ഉദ്യോഗസ്ഥ(ൻ) ഹെൽപ്പ് ഡെസ്കിന്റെ ചുമതല നിർവഹിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകളിൽ ഹെൽപ്പ് ഡെസ്കിന്റെ ചുമതല സീനിയർ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ജില്ലാ പഞ്ചായത്ത് നിശ്ചയിക്കുന്ന ഒരു ഉദ്യോഗസ്ഥ(ൻ) നിർവഹിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ ഹെൽപ്പ് ഡെസ്കിന്റെ ചുമതല ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്നത് അനുസരിച്ചുള്ള ഒരു ജനറൽ എക്സ്റ്റൻഷൻ

ഓഫീസറുടെ നേതൃത്വത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ചുമതലയുള്ള ക്ലാർക്ക്/സീനിയർ ക്ലാർക്ക് നിർവഹിക്കേണ്ടതാണ്.

(4) ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപന തലത്തിൽ വ്യവസായ വികസന വകുപ്പിന്റെ ഇന്റേൺ, കുടുംബശ്രീ സിഡിഎസ് ഉപജീവന ഉപസമിതി കൺവീനർ, കുടുംബശ്രീ കമ്മ്യൂണിറ്റി ഓർഗനൈസർ, കുടുംബശ്രീ എം.ഇ.സി, കെ-ഡിസ്കിന്റെ കമ്മ്യൂണിറ്റി അംബാസിഡർ, യൂത്ത് കോഓർഡിനേറ്റർ എന്നിവരുടെ സേവനം എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ് ഡെസ്ക്കുകൾ ഉപയോഗപ്പെടുത്തണം. ബ്ലോക്ക്തല ഹെൽപ്പ് ഡെസ്കകളിൽ കുടുംബശ്രീ ബ്ലോക്ക് കോഓർഡിനേറ്റർ (സംരംഭകത്വം), കുടുംബശ്രീ എം.ഇ.സി എന്നിവരുടെ സേവനവും ഉപയോഗിക്കാവുന്നതാണ്.

(5) കെ-ഡിസ്ക് ജില്ലാതല സംവിധാനം, ജില്ലാ വ്യവസായ കേന്ദ്രം, ബ്ലോക്ക്തല കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, വിവിധ ശാസ്ത്ര/ സാങ്കേതിക/ കാർഷിക സർവ്വകലാശാലകൾ, സ്റ്റാർട്ടപ്പ് മിഷൻ, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, എം.എസ്.എം.ഇ പരിശീലനകേന്ദ്രം തൃശ്ശൂർ, ഐ.സി.എ.ആർ, സി.എസ്.ഐ.ആർ സ്ഥാപനങ്ങൾ, അഗ്രോ ക്ലിനിക് – അഗ്രോ ബിസിനസ് സെന്റർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം, വിവിധ വിഷയ മേഖലകളിലെ/ വകുപ്പിലെ വിദഗ്ദ്ധർ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സംരംഭ/നൈപുണ്യ/ തൊഴിൽ സഹായങ്ങളും ഉപദേശങ്ങളും എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക്കുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

(6) തദ്ദേശ ഭരണ സ്ഥാപന തലത്തിലുള്ള പെർമിറ്റുകൾ, അനുമതികൾ എന്നിവ സമയബന്ധിതമായി സംരംഭകർക്ക് നൽകുന്നതിനും, ധനകാര്യ സ്ഥാപനങ്ങൾ, ഇൻകുബേഷൻ സെന്ററുകൾ, കൺസൾട്ടൻസി ഏജൻസികൾ എന്നിവരുമായി സംരംഭകരെ ബന്ധിക്കുന്നതിനുള്ള വിശദാംശങ്ങൾ നൽകുന്നതിനുമുള്ള ചുമതല എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിനാണ്. സംരംഭകത്വ വികസനം, തൊഴിൽ ലഭ്യത, നൈപുണ്യ വികസനം തുടങ്ങിയവയുടെ തദ്ദേശ ഭരണ സ്ഥാപനതല ഏകജാലക സംവിധാനമായി എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കണ്ടതാണ്.

(7) തദ്ദേശഭരണ സ്ഥാപന തലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിലേയ്ക്കായി അവർക്കുണ്ടാകാവുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ യഥാസമയം എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിൽ നിന്നും നടത്തേണ്ടതും സംരംഭകരുടെ കൈത്താങ്ങായി നിലകൊള്ളേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ സഹായം സെക്രട്ടറിയും ബന്ധപ്പെട്ട വിഷയ മേഖലാ ഉദ്യോഗസ്ഥനും/ഉദ്യോഗസ്ഥയും നൽകേണ്ടതാണ്.

(8) തദ്ദേശഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ സൃഷ്ടിക്കപ്പെടുന്ന എല്ലാ തൊഴിലുകളുടെയും സംരംഭങ്ങളുടെയും എണ്ണവും മറ്റ് വിശദാംശങ്ങളും തദ്ദേശഭരണ സ്ഥാപന തലത്തിൽ എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

**(9)** ഗ്രാമപഞ്ചായത്ത്/നഗരഭരണ പ്രദേശത്ത് വിവിധ പദ്ധതികളിലൂടെയും ഏജൻസികളുടെ സഹായത്തോടെയും സൃഷ്ടിക്കപ്പെടുന്ന എല്ലാ തൊഴിലുകളുടെയും സംരംഭങ്ങളുടെയും എണ്ണവും മറ്റ് വിശദാംശങ്ങളും ഇരട്ടിപ്പ് ഒഴിവാക്കി വെവ്വേറെ ശേഖരിച്ച് സൂക്ഷിക്കേണ്ട ചുമതല എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്/ ഉദ്യോഗസ്ഥയ്ക്കായിരിക്കും.

**5.3.1 എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിന്റെ ഉത്തരവാദിത്തങ്ങൾ**

(1) പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങളുടെ ലെയ്സൺ ഓഫീസായി പ്രവർത്തിക്കൽ.

(2) ജില്ലയിലെയും തദ്ദേശഭരണ സ്ഥാപനത്തിലെയും വിവിധ മേഖലകളിലെ സംരംഭകത്വ സാധ്യതകളെക്കുറിച്ച് പ്രാഥമിക വിവരങ്ങൾ നൽകൽ.

(3) സംരംഭങ്ങളെക്കുറിച്ചും വിപണന സാധ്യതയെക്കുറിച്ചുമുള്ള പ്രാഥമിക വിവരം നൽകൽ.

(4) തൊഴിലന്വേഷകർക്ക് നിലവിലുള്ള പദ്ധതികളെക്കുറിച്ച് അറിവ് നൽകൽ

(5) സംരംഭകത്വ വികസനത്തിന് തദ്ദേശഭരണ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങളുടെ വിശദാംശങ്ങൾ, ലഘുലേഖകൾ, സോഷ്യൽ മീഡിയ പ്രചരണം എന്നിവ നൽകുക.

(6) എംപ്ലോയബിലിറ്റി സെന്ററിനെക്കുറിച്ചും അവിടെ ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ നൽകൽ

(7) സംരംഭത്തിന് അനുയോജ്യമായ നിയമപരമായ രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകലും രജിസ്ട്രേഷനെ സഹായിക്കലും.

(8) വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഏജൻസികളെക്കുറിച്ച് അറിവ് നൽകൽ (എംപ്ലോയബിലിറ്റി സെന്റർ, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, ഇതര ഏജൻസികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ)

(9) സംരംഭത്തിനാവശ്യമായ സാങ്കേതികവിദ്യകൾ, ആശയ രൂപീകരണത്തിന് സഹായം ലഭിക്കാവുന്ന സ്രോതസ്സുകൾ, പരിശീലന ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ നൽകുക.

(10) സംരംഭകർക്കാവശ്യമായ വായ്പകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക.

(11) നിലവിലുള്ള സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ഉപദേശങ്ങളും പിന്തുണയും ലഭ്യമാക്കുക.

(12) തൊഴിൽസഭകളിൽ നിന്നും ലഭിക്കുന്ന സംരംഭകത്വം, നൈപുണ്യ വികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ട അപേക്ഷകൾ ക്രോഡീകരിച്ച് സംരംഭകത്വ-തൊഴിൽ വികസന കൗൺസിലുകൾക്കും ഏജൻസികൾക്കും നൽകുക.

5.4 **എംപ്ലോയബിലിറ്റി സെന്റർ:**

(1) തൊഴിലവസരങ്ങളെയും മാനവ വിഭവശേഷിയെയും ബന്ധിപ്പിക്കുന്നതിനായി സംരംഭകത്വ മാതൃകയിൽ ബ്ലോക്ക്/ നഗരസഭാതലങ്ങളിൽ എംപ്ലോയബിലിറ്റി സെന്റർ (Employability

Centre) സ്ഥാപിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ രൂപീകരിക്കുന്നതിന്റെയും പ്രവർത്തന മേൽനോട്ടത്തിന്റെയും ചുമതല അതത് സെക്രട്ടറിമാർക്കായിരിക്കും. അതത് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത നൈപുണ്യം നേടി ജോലിയിൽ പ്രവേശിച്ചവരുടെ സ്ഥിരമായ ഇടവേളകളിലുള്ള അവസ്ഥാ പരിശോധന (Tracking), തൊഴിൽ മെച്ചപ്പെടുത്തുന്നതിനും പുതിയ തൊഴിൽ കണ്ടെത്തുന്നതിനുമുള്ള സഹായം, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ അതത് എംപ്ലോയബിലിറ്റി സെന്റർ നടത്തേണ്ടതാണ്.

(2) ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെയോ നഗരസഭയുടെയോ ഉടമസ്ഥതയിലുള്ളതോ വിവിധ പദ്ധതികളുടെ ഭാഗമായോ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത അടിസ്ഥാന സൗകര്യങ്ങൾ കണ്ടെത്തി ലഭ്യമാക്കേണ്ടത് ബ്ലോക്ക് പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കും. മേൽ സൗകര്യങ്ങൾ ലഭ്യമാകാത്ത പക്ഷം കെട്ടിടം വാടകയ്ക്കെടുത്ത് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതാണ്. ഇതിനാവശ്യമായ തുക തനത്ഫണ്ട്/പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ സംരംഭ മാതൃകയിലാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം നടത്തേണ്ടത്.

(3) എംപ്ലോയബിലിറ്റി സെന്ററുകളിലേയ്ക്ക് പരിശീലനം നൽകി മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരെ (എം.ഇ.സി) സംരംഭകത്വ മാതൃകയിൽ നിയോഗിക്കേണ്ട ചുമതല കുടുംബശ്രീ മിഷനായിരിക്കും. സ്റ്റാർട്അപ്പ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം (എസ്.വി.ഇ.പി), റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് – എന്റർപ്രണർഷിപ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (ആർ കെ ഐ – ഇ ഡി പി), കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസസ് റിസോഴ്സ് സെന്റർ (MERC) എന്നീ പദ്ധതികൾ നടന്നുവരുന്ന ബ്ലോക്കുകളിലെ ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ (ബി.ആർ.സി) എംപ്ലോയബിലിറ്റി സെന്ററായി പ്രവർത്തിക്കേണ്ടതാണ്. സംസ്ഥാന ബജറ്റിൽ ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയും രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (RGSA) പദ്ധതിയിൽ ലഭ്യമാക്കിയിരിക്കുന്ന തുകയും പുതിയ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

(4) എല്ലാവർക്കും എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്നതും ചുവടെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്നതുമായ ചുരുങ്ങിയത് 50 ചതുരശ്ര മീറ്ററെങ്കിലും വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലായിരിക്കണം എംപ്ലായബിലിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കേണ്ടത്.

a) ഹെൽപ് ഡെസ്ക്/ രജിസ്ട്രേഷൻ സൗകര്യം

b) ചുരുങ്ങിയത് 2 കമ്പ്യൂട്ടറുകൾ, ഒരു ലേസർ പ്രിന്റർ, യു.പി.എസ്, ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയവ

c) ഓൺലൈൻ യോഗങ്ങൾ/വീഡിയോകോൺഫറൻസ് സംഘടിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ

d) ശുചിമുറി തുടങ്ങിയവ

**5.4.1 എംപ്ലോയബിലിറ്റി സെന്ററിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**

a) നൈപുണ്യ പരിശീലനം പൂർത്തീകരിച്ചവരുടെ ഡേറ്റാ ബാങ്ക് സൂക്ഷിക്കൽ:

b) കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ (കെ-ഡിസ്ക്) ന്റെ ഡിജിറ്റൽ വർക്ക് മാനേജ്മെന്റ് സിസ്റ്റം (DWMS)വുമായി ബന്ധപ്പെടുത്തി വിവരങ്ങൾ സൂക്ഷിക്കുക.

c) തൊഴിൽ സഭയിൽ രൂപീകരിക്കുന്ന തൊഴിൽ ക്ലബുകളിൽ അംഗങ്ങളായവരെക്കൂടി ഓപ്പർച്യൂണിറ്റി ബാങ്കിൽ ഉൾപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന അവസരങ്ങൾ കണ്ടെത്തി അനുയോജ്യരായ ഉദ്യോഗാർത്ഥികളുമായി ബന്ധപ്പെടുത്തുകയും ചെയ്യൽ.

d) നൈപുണ്യ പരിശീലന അവബോധം: നിലവിലുള്ള നൈപുണ്യ പരിശീലന പദ്ധതികൾ, ലഭ്യമായ തൊഴിൽ അവസരങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാകുന്ന കേന്ദ്രമായി പ്രവർത്തിക്കുക.

e) ലഭ്യമായ തൊഴിലവസരങ്ങൾക്കുവേണ്ടി ഉദ്യോഗാർത്ഥികളെ തയ്യാറാക്കുന്നതിനും നിലവിൽ തൊഴിലെടുക്കുന്നവർക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ആവശ്യമായ ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്ന കേന്ദ്രങ്ങളായി പ്രവർത്തിക്കുക.

f) വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഔട്ട്സോഴ്സിംഗ് മാതൃകയിൽ ലഭിക്കുന്ന ജോലികളും അസൈൻമെന്റുകളും കണ്ടെത്തി അതിനനുയോജ്യമായ വ്യക്തികളുമായി ബന്ധിപ്പിച്ച് ഏകോപനം നടത്തുന്ന സെന്ററായി പ്രവർത്തിക്കുക.

g) തൊഴിൽദായക സംരംഭങ്ങൾക്ക് നിശ്ചിത നിരക്കിൽ ആവശ്യമായ ഡിപിആർ തയ്യാറാക്കി നൽകുക.

h) സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ ബിസിനസ് പ്ലാനുകൾ, മറ്റ് പിന്തുണാ സഹായങ്ങൾ എന്നിവ നൽകുക.

i) തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, കുടുംബശ്രീ മിഷൻ, മറ്റു ഏജൻസികൾ എന്നിവയുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ/ബിസിനസ്സ് പ്ലാനുകൾ എന്നിവ തയ്യാറാക്കി നൽകുക

j) സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ (General Orientation Training - GOT, Entrepreneurship Developmen Programme - EDP, etc) സംഘടിപ്പിക്കുക

k) തൊഴിൽസഭയിൽ നിന്നും രൂപീകൃതമാകുന്ന തൊഴിൽക്കൂട്ടത്തിൽ അംഗങ്ങളായവരെ കൂടി ഉൾപ്പെടുത്തുകയും പ്രാദേശികതല ആവശ്യങ്ങൾ ക്രോഡീകരിച്ച് സേവനം ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളായും പ്രവർത്തിക്കുക. (ഉദാ: ഇലക്ട്രിക്കൽ, പ്ലംബിംഗ് തുടങ്ങിയ വിവിധ സേവനങ്ങൾ)

i) തൊഴിൽസഭകളിൽ രൂപീകരിക്കുന്ന സംരംഭക ക്ലബുകളെ അനുയോജ്യമായ സംരംഭകത്വ ആശയങ്ങളുമായി ബന്ധിപ്പിക്കുക

m) തൊഴിൽസഭകളിൽ രൂപീകരിക്കുന്ന തൊഴിൽ ക്ലബ് അംഗങ്ങൾക്ക് അവരുടെ യോഗ്യതയ്ക്ക് അനുസൃതമായ തൊഴിലുകൾ കണ്ടെത്തുന്നതിനും നൈപുണ്യ വികസനത്തിനുമുള്ള അവസരങ്ങളുമായി ബന്ധിപ്പിക്കുക.

5.4.2 എംപ്ലോയബിലിറ്റി സെന്ററിൽ നിന്നും നൽകുന്ന ചുവടെപ്പറയുന്ന സേവനങ്ങൾക്ക് ഫീസ് ഈടാക്കുക വഴിയാണ് സെന്ററിന് വരുമാനം ഉറപ്പുവരുത്തേണ്ടത്. എംപ്ലോയബിലിറ്റി സെന്ററിന്റെ പ്രവർത്തനം തുടങ്ങി ഒരു വർഷം വരെ ബ്ലോക്ക് പഞ്ചായത്തിന്റെ/നഗരഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട്/വികസനഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടതാണ്.

a) ബിസിനസ് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട്, അവയ്ക്കാവശ്യമായ മാനവ വിഭവശേഷി ലഭ്യമാക്കുന്നതിന് അനുയോജ്യരായ വ്യക്തികളെ കണ്ടെത്തി ഹ്രസ്വകാല പരിശീലനം നൽകൽ

b) ഉദ്യോഗാർത്ഥികളുടെയും ബിസിനസ് സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ

c) ഇൻഡസ്ട്രിയൽ റെഡിനസ് മൊഡ്യൂൾ, സോഫ്റ്റ് സ്കിൽസ്, വിവരവിനിമയ സാങ്കേതികവിദ്യകൾ, ഭാഷാ നൈപുണ്യം എന്നീ മേഖലകളിലെ ഹ്രസ്വകാല കോഴ്സുകൾ സംഘടിപ്പിക്കൽ

d) വിവിധ സർക്കാർ പദ്ധതികൾക്ക് വേണ്ടി മൊബിലൈസേഷൻ നടത്തി ഉദ്യോഗാർത്ഥികളെ കണ്ടെത്തി നൽകൽ

e) മൈക്രോ ജോബ്ഫെയർ സംഘടിപ്പിക്കൽ

f) വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ

g) ബിസിനസ് പ്ലാനുകൾ, ഡിപിആർ, പ്രോജക്ട് റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കി നൽകൽ

**5.5 ജില്ലാതല സാങ്കേതിക സമിതി**

(1) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക സാധുത പരിശോധനയ്ക്കായി അയയ്ക്കുന്ന സംരംഭക പ്രൊപ്പോസലുകൾ, ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രേഡഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്), ഇൻക്യുബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം എന്നിവയ്ക്കുള്ള പ്രൊപ്പോസലുകൾ, സ്വകാര്യ സംരംഭകർ പൊതു ആസ്തികൾ ഉപയോഗിക്കുന്ന പ്രൊപ്പോസലുകൾ, ഒന്നിലധികം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായം ലഭിക്കുന്ന പദ്ധതികളുടെ പ്രൊപ്പോസലുകൾ എന്നിവയുടെ സാങ്കേതിക സാധുത പരിശോധിച്ച് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർപേഴ്സണായ ചുവടെ പറയുന്ന സമിതി പ്രവർത്തിക്കേണ്ടതാണ്.

a) ജില്ലാ കളക്ടർ – ചെയർപേഴ്സൺ
b) ജില്ലാ വികസന കമ്മീഷണർ– വൈസ് ചെയർപേഴ്സൺ
c) ജില്ലാ പ്ലാനിംഗ് ഓഫീസർ – കൺവീനർ
d) ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്– അംഗം
e) ജില്ലാ മാനേജർ, വ്യവസായ വകുപ്പ് – അംഗം
f) നബാർഡിന്റെ ജില്ലാ മേധാവി – അംഗം

g) ലീഡ് ബാങ്ക് മാനേജർ– അംഗം

h) ജില്ലാ മാനേജർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ – അംഗം

i) ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ, കുടുംബശ്രീ – അംഗം

j) കെ–ഡിസ്ക് ജില്ലാതല പ്രതിനിധി – അംഗം

k) വിവിധ വികസന വകുപ്പുകളുടെ ജില്ലാ മേധാവികൾ –അംഗങ്ങൾ

l) കൃഷി വിജ്ഞാൻ കേന്ദ്രം മേധാവി – അംഗം

m) ജില്ലാ കളക്ടർ നോമിനേറ്റ് ചെയ്യുന്ന ജില്ലയിലെ ശാസ്ത്ര–സാങ്കേതിക സ്ഥാപനങ്ങളുടെ പ്രതിനിധികൾ (2 പേർ) – അംഗങ്ങൾ

(2) സംരംഭങ്ങളുടെ നിക്ഷേപം, സംരംഭകരുടെ ആശയ വ്യക്തത, ശേഷി, മുൻപരിചയം, സംരംഭ മാതൃകയുടെ സാധുത, വിപണന സാധ്യത, സാങ്കേതിക സാധുത, സാമ്പത്തിക സാധുത, സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളുടെ എണ്ണം തുടങ്ങിയവ വിലയിരുത്തി പ്രൊപ്പോസലുകളിന്മേൽ ജില്ലാതല സാങ്കേതിക സമിതി തീരുമാനമെടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിലുള്ള സാങ്കേതിക അനുമതി ജില്ലാതല സാങ്കേതിക സമിതിയുടെ കൺവീനറും ബന്ധപ്പെട്ട വിഷയമേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥനും ഒപ്പുവച്ച് നൽകേണ്ടതുമാണ്.

(3) ഇത്തരത്തിൽ ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭ്യമാകുന്ന ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രേഡഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെൻറ് ഫണ്ട്, സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്), ഇൻക്യൂബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവഹണം തദ്ദേശഭരണ സ്ഥാപന തലത്തിലെ ബന്ധപ്പെട്ട വിഷയമേഖലയിലെ മുതിർന്ന ഉദ്യോഗസ്ഥ(ൻ) നടത്തേണ്ടതാണ്.

**5.5.1 ജില്ലാതല സാങ്കേതികസമിതിയുടെ ഉത്തരവാദിത്തങ്ങൾ**

(a) വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി പ്രൊപ്പോസലുകൾക്കാവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കൽ.

(b) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക സാധുത പരിശോധനയ്ക്കായി അയയ്ക്കുന്ന പ്രൊപ്പോസലുകളുടെ സാധുത പരിശോധിച്ച് അംഗീകാരം നൽകൽ. ഭേദഗതി ആവശ്യമുണ്ടെങ്കിൽ ഭേദഗതിക്കായി നിർദ്ദേശിക്കൽ

(c) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രേഡഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്), ഇൻക്യൂബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം എന്നിവയുടെ പ്രൊപ്പോസലുകളുടെ സാങ്കേതിക സാധുത പരിശോധിച്ച് അംഗീകാരം നൽകൽ.

(d) ഒന്നിലധികം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകളിൽ നിന്ന് സഹായം നൽകേണ്ട പ്രൊപ്പോസലുകളുടെ സാങ്കേതിക സാധുത പരിശോധിച്ച് അംഗീകാരം നൽകൽ

**6. എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക് (EEHD), സംരംഭകത്വ – തൊഴിൽ വികസന കൗൺസിൽ (EEDC), സാങ്കേതിക സമിതി (TC) എന്നിവയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശം:**

(1) പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ടുള്ള പിന്തുണകൾക്കായുള്ള അപേക്ഷകൾ (അനുബന്ധം-1) എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിൽ നൽകേണ്ടതാണ്. അവ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കേണ്ടതില്ല. അപേക്ഷയിന്മേൽ ആവശ്യമായ പരിശോധനങ്ങൾക്ക് ശേഷം അവയുടെ വിവരങ്ങൾ അനുബന്ധം 2 ലെ രജിസ്റ്ററിൽ രേഖപ്പെടുത്തണം. ഇത്തരത്തിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ തൊട്ടടുത്ത് കൂടുന്ന സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി പരിഗണിക്കേണ്ടതാണ്.

(2) സ.ഉ.(സാധാ)നം.115/2022/തസ്വഭവ തീയതി: 28.05.2022 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.5 ൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയുന്ന പലിശ സബ്സിഡി സംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് തൊഴിൽദായക സംരംഭങ്ങളുടെ ബാങ്ക് വായ്പയ്ക്കുള്ള പലിശ സബ്സിഡി എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. പഞ്ചായത്തുകളുടെ കാര്യത്തിൽ 10 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്തുകളിലും 20 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്തുകളിലും 20 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബാങ്ക് വായ്പയ്ക്ക് പരിശ സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷകൾ ജില്ലാ പഞ്ചായത്തുകളിലും നൽകേണ്ടതാണ്. പലിശ സബ്സിഡി അനുവദിക്കുമ്പോൾ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.5.2 (ബി)(2) (i) ലെ പരിധി പാലിക്കേണ്ടതാണ്.

(3) പഞ്ചായത്തുകളുടെ കാര്യത്തിൽ, ഈ മാർഗരേഖയിലെ ഖണ്ഡിക 6(6)ൽ പ്രതിപാദിക്കുന്ന വിവിധയിനം ഫണ്ടുകൾക്കുള്ള അപേക്ഷകളിൽ 5 ലക്ഷം രൂപവരെ ധനസഹായം ആവശ്യമുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്തുകളിലും 5 ലക്ഷം രൂപയ്ക്ക് മുകളിൽ 10 ലക്ഷം രൂപവരെ ആവശ്യമുള്ള അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്തുകളിലും 10 ലക്ഷം രൂപയ്ക്ക മുകളിൽ ധനസഹായം ആവശ്യമുള്ള അപേക്ഷകൾ ജില്ലാ പഞ്ചായത്തുകളിലും നൽകേണ്ടതാണ്.

(4) എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിൽ നിന്നും ലഭിക്കുന്ന ഡി.പി. ആർ സഹിതമുള്ള തൊഴിൽദായക സംരംഭക പ്രൊപ്പോസലുകളിൽ വിഷയ മേഖലാ ഉദ്യോഗസ്ഥന്റെ അഭിപ്രായം പരിഗണിച്ച് വിദഗ്ധ പരിശോധന ആവശ്യമില്ലെന്ന് കണ്ടെത്തുന്ന പ്രൊപ്പോസലുകൾക്ക് സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ യോഗത്തിൽ തന്നെ അംഗീകാരം നൽകേണ്ടതാണ്.

(5) കൂടുതൽ സാങ്കേതിക പരിശോധന ആവശ്യമുള്ളതായി സംരംഭകത്വ- തൊഴിൽ വികസന കൗൺസിൽ കാണുന്ന പ്രൊപ്പോസലുകൾ വിഷയാടിസ്ഥാനത്തിലുള്ള ബന്ധപ്പെട്ട സാങ്കേതിക സമിതി (Technical Committee) യുടെ പരിശോധനയ്ക്കും ശുപാർശയ്ക്കുമായി നൽകേണ്ടതാണ്. ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ മറ്റു വിദഗ്ധരുടെ അഭിപ്രായവും ആരായാവുന്നതാണ്. സാങ്കേതിക സമിതി സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ

നൽകുന്ന പ്രൊപ്പോസലുകളുടെ സാധുത പരിശോധിച്ച്, ഡി.പി.ആർ മെച്ചപ്പെടുത്തേണ്ടതുണ്ടെങ്കിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി തിരികെ റിപ്പോർട്ട് നൽകണം. ഈ റിപ്പോർട്ട് പരിഗണിച്ച് സംരംഭകത്വ- തൊഴിൽ വികസന കൗൺസിലിന് അംഗീകാരം നൽകുകയോ ഡി.പി.ആർ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്താനായി സംരംഭകർക്ക് തിരികെ നൽകുകയോ ചെയ്യാവുന്നതാണ്. ഇതിനായി സംരംഭകർക്ക് എംപ്ലോയബിലിറ്റി സെന്ററിന്റെ സഹായം തേടാവുന്നതാണ്. സംരംഭകത്വ-തൊഴിൽ വികസന കൗൺസിലും സാങ്കേതിക സമിതിയും ആവശ്യമെങ്കിൽ സംരംഭകർക്ക് ബിസിനസ് ആശയം തങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകേണ്ടതാണ്. ഈ പ്രക്രിയകൾക്ക് ശേഷവും കൂടുതൽ സാങ്കേതിക പരിശോധന ആവശ്യമാണെന്ന് തദ്ദേശഭരണതല സാങ്കേതിക സമിതി ശുപാർശ ചെയ്യുന്ന പ്രൊപ്പോസലുകൾ, ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്.

(6) ജില്ലാതല അംഗീകാരം ആവശ്യമായ പ്രൊപ്പോസലുകളും തുടർ പിന്തുണകൾക്കുള്ള ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇൻകുബേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സംരംഭക പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട് ), സീഡ് സപ്പോർട്ട് സ്കീം തുടങ്ങിയവ ലഭിക്കുന്നതിനുള്ള അപേക്ഷകളും സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിന്റെ ശുപാർശയോടൊപ്പം തദ്ദേശഭരണ സ്ഥാപനം ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തിനായി നേരിട്ട് അയക്കേണ്ടതാണ്. തുടർ പിന്തുണകൾക്കുള്ള ഫണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(എ) ടെക്നോളജി ഫണ്ട്/ ടെക്നോളജി കൈമാറ്റ ഫണ്ട്** (Technology Fund/Transfer of Technology Fund) **:** കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് വേണ്ട സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന്/സ്വായത്തമാക്കുന്നതിന്, സാങ്കേതികവിദ്യയുടെ വിലയുടെ 75 ശതമാനം വരെ, ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും എന്ന പരിധിക്ക് വിധേയമായി സഹായം നൽകാവുന്നതാണ്. സാങ്കേതികവിദ്യ വാങ്ങുന്നതിന്റെ സാധ്യത, സാങ്കേതികവിദ്യകളുടെ ലഭ്യത, നടപടിക്രമങ്ങൾ, സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് ഡി.പി.ആർ പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിശാസ്ത്രം മുതലായവ ജില്ലാതല സാങ്കേതിക സമിതി പരിശോധിക്കേണ്ടതാണ്.

**(ബി) ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട്:** നിലവിലുള്ള സാങ്കേതിക വിദ്യ നവീകരിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അവ നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും സഹായം നൽകാവുന്നതാണ്. അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന സാങ്കേതിക വിശദാംശങ്ങൾ, നിലവിലുള്ള സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യത, അതിനവേണ്ടി വരുന്നെ ചെലവ്, അതുകൊണ്ടുണ്ടാകുന്ന പ്രയോജനം, പുതിയ സാങ്കേതികവിദ്യയുടെ ലഭ്യത മുതലായവ

ശാസ്ത്രീയമായി പരിശോധിച്ചതിനുശേഷമാണ് ഈ ഫണ്ട് നൽകുന്നതിനുള്ള ശുപാർശ തയ്യാറാക്കേണ്ടത്.

**(സി) ഇന്നവേഷൻ ഫണ്ട് :** സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ വിജയസാധ്യതയുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക ഉപദേശം, ഗവേഷണ സഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം, ഈ മേഖലയിൽ വൈദഗ്ധ്യവും, പ്രവൃത്തി പരിചയവും, സൗകര്യവുമുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും സഹായം നൽകാവുന്നതാണ്. സംരംഭക ആശയത്തിന്റെ ഫലക്ഷമത, സാങ്കേതിക ക്ഷമത, പ്രായോഗികത, ആശയം പൂർണ്ണമായി സംരംഭമായി വികസിപ്പിക്കുന്നതിനുവേണ്ടി വരുന്ന സമയം, അതിനു നൽകാവുന്ന സാങ്കേതിക സ്ഥാപനങ്ങളുടെ ലഭ്യത, സൗകര്യങ്ങൾ, സാങ്കേതിക സഹായം നൽകുന്നതിനുള്ള താൽപര്യം മുതലായവ വിലയിരുത്തേണ്ടതാണ്.

**(ഡി) ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്:** പ്രകൃതി ദുരന്തങ്ങൾ മുതലായ കാരണങ്ങളാൽ സംരംഭത്തിന് ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിന് അതത് സമയങ്ങളിൽ സാമ്പത്തിക സഹായം നൽകാവുന്നതാണ്. നാശ നഷ്ടത്തിന്റെ തോത്, പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസൽ, അതിന്റെ ഫലക്ഷമത, പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടി വരുന്ന സമയം, ഫണ്ടിന്റെ വിനിയോഗ രീതി മുതലായവ വിലയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാവുന്നതാണ്. നാശനഷ്ടങ്ങൾ പരിഹരിച്ചു കഴിഞ്ഞാൽ ഈ തുക നിശ്ചിത ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്.

**(ഇ) സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്):** തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചു വരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ മറ്റ് ദുരന്ത കാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ പുനരുജ്ജീവന സമാശ്വാസ പദ്ധതിക്ക് അപേക്ഷിക്കാവുന്നതാണ്. മുൻപ് ചെയ്തിരുന്നതോ കാലാനുസൃതമായ മാറ്റത്തോടു കൂടിയതോ ആയ പുനരുജ്ജീവന പാക്കേജ് (റിവൈവൽ) തയ്യാറാക്കി, ബാങ്ക് വായ്പ നേടി സംരംഭം പുനരുജ്ജീവിപ്പിച്ചാൽ പലിശ സബ്സിഡി നൽകാവുന്നതാണ്. പുനരുദ്ധാരണത്തിനുള്ള ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൺ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവ മുകളിൽ ഓരോ ഇനം ഫണ്ടിനുമുള്ള മാർഗനിർദ്ദേശങ്ങൾ പ്രകാരം സംരംഭങ്ങളുടെ പുനരുജ്ജീവനത്തിന് നൽകാവുന്നതാണ്. പുനരുജ്ജീവന പ്രൊപ്പോസലിന്റെ സാങ്കേതിക മികവ്, പുനരുജ്ജീവനത്തിന്റെ സാധ്യത, സാങ്കേതികവിദ്യ, വേണ്ടി വരുന്ന സമയം മുതലായവ കണക്കിലെടുക്കണം.

**(എഫ്) ഇൻകുബേഷൻ ഫണ്ട്:** സംരംഭകരുടെ ബിസിനസ് ആശയങ്ങളെ വിജയസാധ്യതയുള്ള സംരംഭങ്ങളായി വികസിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം, ഗവേഷണ സഹായം,

മാനേജ്മെന്റ് സഹായം, വിപണന സഹായം, മെന്ററിംഗ് എന്നിവ ഉൾപ്പെടെയുള്ള വിവിധതരം ഇൻകുബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംരംഭക ആശയങ്ങൾ തയ്യാറാക്കി നൽകാവുന്നതാണ്. പരിശോധനയിൽ പ്രായോഗികമായും സാമ്പത്തികമായും വിജയ സാദ്ധ്യതയുള്ള ആശയങ്ങളാണെന്ന് കാണുന്നവ നടപ്പാക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. ഇതിനായി ഇൻകുബേഷനിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങൾ/ സർവകലാശാലകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാർട്ട്അപ് മിഷൻ പോലെയുള്ളവയുടെ നേതൃത്വത്തിലുള്ള ഇൻകുബേഷൻ സെന്ററുകളുടെ സേവനം ഉപയോഗിക്കാം. ഈ മേഖലയിൽ വൈദഗ്ദ്ധ്യവും പ്രവൃത്തി പരിചയവും സൗകര്യവുമുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഇൻകുബേഷൻ സേവനം ഉപയോഗിക്കുമ്പോൾ ഇതിനുള്ള ഫീസ് ഈ സ്ഥാപനങ്ങൾക്ക് നിബന്ധനകളുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. മെന്റർ റിസോഴ്സ് പേഴ്സൺമാർ എന്ന നിലയ്ക്ക് പരിചയ സമ്പന്നരും വിജയം കൈവരിച്ചവരുമായ സംരംഭകരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്. അവർക്ക് അർഹമായ പ്രതിഫലം നൽകാം. ഇൻകുബേഷനുള്ള ചെലവുകൾ വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാവുന്നതാണ്. സംരംഭക ആശയത്തിന്റെ ഫലക്ഷമത, സാങ്കേതിക ക്ഷമത, പ്രായോഗികത, സംരംഭകന്റെ ആശയം വികസിപ്പിക്കുന്നതിന് പര്യാപ്തമായ ഇൻകുബേഷൻ സെന്ററുകളുടെ ലഭ്യത, ഇൻകുബേഷന്റെ ആവശ്യകത, ഇൻകുബേഷൻ സമയത്ത് വേണ്ടുന്ന സഹായങ്ങൾ, അതിനുവേണ്ടിവരുന്ന ചെലവ് മുതലായവ ഈ സമിതി വിലയിരുത്തേണ്ടതാണ്.

**(ജി) സീഡ് സപ്പോർട്ട് സ്കീം :** പ്രാദേശിക തലത്തിലുള്ള ഉൽപ്പന്ന-സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണിൽ വിജയിക്കുന്നവർക്ക്, സീഡ് മണി നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാം. ഇവർക്ക് ഇൻകുബേഷൻ സേവനങ്ങളും ലഭ്യമാക്കാവുന്നതാണ്.

(7) മേൽ ഉപഖണ്ഡിക (4), (5) എന്നിവയിലെ തീരുമാനമനുസരിച്ചുള്ള ചുവടെ പറയുന്ന പ്രൊപ്പോസലുകൾ തുടർ നടപടികൾക്കായി തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ കൈമാറേണ്ടതാണ്.

(a) വിദഗ്ദ്ധ പരിശോധന ആവശ്യമില്ലാത്തതിനാൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ അംഗീകാരം നൽകിയ പ്രൊപ്പോസലുകൾ

(b) കൂടുതൽ സാങ്കേതിക പരിശോധന ആവശ്യമായതിനാൽ ജില്ലാതല സാങ്കേതിക സമിതിയുടെ പരിഗണനയ്ക്കായി അയയ്ക്കണമെന്ന് തദ്ദേശസ്ഥാപനതല സാങ്കേതിക സമിതി ശുപാർശ ചെയ്ത പ്രൊപ്പോസലുകൾ

(c) വിവിധ തുടർ പിന്തുണാ ഫണ്ടുകൾക്കായുള്ള പ്രൊപ്പോസലുകൾ

(8) ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിച്ച പ്രൊപ്പോസലുകളും ഉപഖണ്ഡിക (4) പ്രകാരം അംഗീകാരം ലഭിച്ച പ്രൊപ്പോസലുകളും സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ അംഗീകാരം നൽകുന്ന ഉപഖണ്ഡിക (5) പ്രകാരമുള്ള പ്രൊപ്പോസലുകളും പരിഗണിച്ച് തദ്ദേശഭരണ സ്ഥാപനം അവയ്ക്ക് ഭരണാനുമതി നൽകി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥയ്ക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം നിർവഹണം നടത്തുന്നതിനുമായി കൈമാറേണ്ടതാണ്.

(9) എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ സംരംഭകത്വ - തൊഴിൽ വികസന കൗൺസിലും തദ്ദേശഭരണ സ്ഥാപനവും പരമാവധി 30 ദിവസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളേണ്ടതും അതനുസരിച്ച് പ്രൊപ്പോസലുകൾ നിർവഹണ ഉദ്യോഗസ്ഥന്/ ജില്ലാതല സാങ്കേതിക സമിതിക്ക് കൈമാറേണ്ടതുമാണ്.

(10) സംരംഭകത്വ - തൊഴിൽ വികസന കൗൺസിലിന്റെ യോഗത്തിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് പദ്ധതി നിർവ്വഹണ ചെലവുകൾക്കായി നീക്കിവെച്ചിരിക്കുന്ന പ്രോജക്ടിൽ നിന്നും ഒരു യോഗത്തിന് 500/- രൂപ നിരക്കിൽ സിറ്റിംഗ് ഫീസ് നൽകാവുന്നതാണ്.

## 7. മുന്നൊരുക്ക പ്രവർത്തനങ്ങൾ - അവബോധ ശില്പശാലകളുടെ സംഘാടനവും വിവിധ സമിതികളുടെയും സംഘടനകളുടെയും രൂപീകരണവും

(1) പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് സ്വീകരിക്കേണ്ട സമീപനം ഖണ്ഡിക 3 ൽ പ്രതിപാദിച്ചിട്ടുണ്ട്. അത്തരം പുതിയസമീപന രീതി, പ്രവർത്തന മാർഗ്ഗങ്ങൾ, വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തം, പ്രാദേശിക വിഭവ സാധ്യതകൾ എന്നിവയെക്കുറിച്ച് ഇതിൽ പങ്കാളികളാകുന്ന എല്ലാവരിലും അവബോധം സൃഷ്ടിക്കുകയാണ് ആദ്യപടി. ഇതിനായി സംസ്ഥാന തലത്തിലും എല്ലാ തദ്ദേശ ഭരണസ്ഥാപന തലങ്ങളിലും കിലയുടെ പിന്തുണയോടെ ചുവടെ പറയുന്ന പ്രാദേശിക സാമ്പത്തിക വികസന അവബോധ ശില്പശാലകൾ സംഘടിപ്പിക്കണം.

(a)**സംസ്ഥാനതല ശിൽപശാല**

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അസോസിയേഷൻ, മുനിസിപ്പൽ ചെയർമെൻ ചേംബർ, മേയേഴ്സ് കൗൺസിൽ എന്നിവയുടെ ഭാരവാഹികൾ, വിവിധ വകുപ്പുകളുടെ സംസ്ഥാന മേധാവികൾ, വിവിധ വികസന ഏജൻസികളുടെയും കോർപറേഷനുകളുടെയും മേധാവികൾ, വ്യത്യസ്ത മേഖലകളിലെ വിദഗ്ധർ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ, ചെറുകിട വ്യവസായ സംരംഭക സംഘടനാ പ്രതിനിധികൾ, ചേമ്പർ ഓഫ് കോമേഴ്സ് പ്രതിനിധികൾ തുടങ്ങിയവരെ സംസ്ഥാനതല ശിൽപശാലയിൽ പങ്കെടുപ്പിക്കണം. സാമ്പത്തിക വികസനം എന്ന ആശയം, രീതിശാസ്ത്രം, കേരളത്തിന്റെ സാദ്ധ്യതകൾ, വിവിധ വകുപ്പുകളുടെ ഇതേ ദിശയിലുള്ള പദ്ധതികൾ തമ്മിലുള്ള സംയോജനം എന്നിവ സംബന്ധിച്ച് സമഗ്രമായ ചർച്ചകൾ ശില്പശാലയിൽ സംഘടിപ്പിക്കണം.

(b) **ജില്ലാതല ശിൽപശാല**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർ, ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകളുടെ ജില്ലാതല പ്രതിനിധികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല മേധാവികൾ, വിവിധ വികസന ഏജൻസികളുടെയും കോർപറേഷനുകളുടെയും ജില്ലാതല മേധാവികൾ, കെ-ഡിസ്കിന്റെ ജില്ലാ കോഓർഡിനേറ്റർ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ, ചെറുകിട വ്യവസായ സംരംഭക സംഘടനാ പ്രതിനിധികൾ, ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികൾ തുടങ്ങിയവരെ ജില്ലാതല ശിൽപശാലയിൽ പങ്കെടുപ്പിക്കണം. ജില്ലയിലെ സംരംഭകത്വ സാദ്ധ്യതകൾ വിലയിരുത്തുന്നതിനും ജില്ലയിലെ വിവിധ ഏജൻസികളുടെ ഏകോപന മാതൃകകൾ ചർച്ച ചെയ്യുന്നതിനും ഈ ശില്പശാല ഉപകരിക്കണം.

(c) **ബ്ലോക്കുതല ശിൽപശാല**

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ വിവിധ പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ, പ്രാദേശിക തലത്തിലെ വ്യാപാരവ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനാ പ്രതിനിധികൾ എന്നിവരെ ബ്ലോക്കുതല ശിൽപശാലയിൽ പങ്കെടുപ്പിക്കണം. മേൽ സൂചിപ്പിച്ചതു പോലെ ബ്ലോക്കുതല വികസന സാധ്യതകളും ഏകോപന രീതികളുമാണ് ഈ ശില്പശാലയിൽ ചർച്ച ചെയ്യേണ്ടത്.

(d) **ഗ്രാമ പഞ്ചായത്ത്/നഗരസഭാതല ശിൽപശാല**

(1) ഗ്രാമ പഞ്ചായത്ത്/നഗരസഭാ ഭരണസമിതി അംഗങ്ങൾ, ഘടക സ്ഥാപന മേധാവികൾ, കുടുംബശ്രീ സി.ഡി.എസ്. ഭരണസമിതി അംഗങ്ങൾ, എം.ഇ.സി.മാർ, വ്യവസായ വകുപ്പ് ഇന്റേൺ, വ്യാപാരവ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനാ പ്രതിനിധികൾ, തൊഴിൽ ക്ലബ് അംഗങ്ങൾ എന്നിവരെ തദ്ദേശഭരണ സ്ഥാപനതല ശിൽപശാലയിൽ പങ്കെടുപ്പിക്കണം. ഗ്രാമ പഞ്ചായത്ത്/ നഗരസഭാ തലത്തിലുള്ള സംരംഭ സാധ്യതകൾ, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, വിവിധ ഉല്പാദന-സേവന മേഖലകളിലുള്ള ഇടപെടൽ സാദ്ധ്യതകൾ, തൊഴിൽസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ തുടങ്ങിയവ ശില്പശാലയിൽ ചർച്ച ചെയ്യേണ്ടതാണ്.

(2) അവബോധ ശിൽപശാലയ്ക്ക് ശേഷം പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും സഹായകമായി പ്രവർത്തിക്കേണ്ട സംവിധാനവും സമിതികളും രൂപീകരിക്കേണ്ട ചുമതല അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

**8. പ്രാദേശിക സാമ്പത്തിക വികസനം – അവസ്ഥാപഠനവും സെമിനാറും**

ഓരോ പ്രദേശത്തും നിലവിലുള്ള വിഭവങ്ങൾ, അനുകൂല സാഹചര്യങ്ങൾ, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ ശാസ്ത്രീയമായി കണ്ടെത്തുകയും അവയെ വിശകലനം ചെയ്ത് ക്രിയാത്മകമായ ഉപയോഗം ഉറപ്പാക്കുന്നതിലൂടെ പ്രദേശിക സാമ്പത്തിക വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി പ്രാദേശിക പഠനത്തിൽ ലഭ്യമാകുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ

സൃഷ്ടിക്കുകയും നൈപുണ്യവികസനത്തിലൂടെ തൊഴിൽ പ്രാപ്തി ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. സംരംഭ സാധ്യതകളെയും നൈപുണ്യവികസന ആവശ്യങ്ങളെയും കണ്ടെത്തുകയും സംരംഭങ്ങൾക്ക് ആവശ്യമായ സാങ്കേതിക – സാമ്പത്തിക പരിപാലന സഹായങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ നിർവഹണ രീതിയിൽ പ്രധാനമായും ഉൾപ്പെടുന്നത്. പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയിൽ അവസ്ഥാപഠനവും തുടർന്നുള്ള സെമിനാറുകളും നിർബന്ധിത വ്യവസ്ഥയല്ല. അവ അഭികാമ്യമായ പ്രവർത്തനങ്ങളാണ്. പ്രാദേശിക സാധ്യതകൾ കണ്ടെത്തുന്നതിനായി ഏറ്റെടുക്കാവുന്ന അവസ്ഥാപഠനവും തുടർ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3 ആയി നൽകിയിട്ടുണ്ട്.

## 9 സംരംഭകത്വ വികസനത്തിനായി നടത്തേണ്ട തുടർ പ്രവർത്തനങ്ങൾ

### 9.1 സംരംഭകത്വത്തെ സംബന്ധിച്ച പൊതു അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ:

(1) സംരംഭം തുടങ്ങാൻ താല്പര്യമുള്ളവർക്ക് അവസ്ഥാ പഠനത്തിലൂടെയും, സംരംഭക നൈപുണ്യ മീറ്റിലൂടെയും ഉരുത്തിരിഞ്ഞുവന്ന പ്രോജക്ട് ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിവിധ പദ്ധതികളെയും പിന്തുണാ സംവിധാനങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനതലത്തിൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിന്റെ നേതൃത്വത്തിലാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ യോഗങ്ങളിലും, കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രാദേശിക സാമ്പത്തിക വികസന രംഗത്തെ സാധ്യതകൾ സംബന്ധിച്ചും വിവിധ പദ്ധതികൾ സംബന്ധിച്ചും അറിവും നൽകുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്. കൂടാതെ നവമാധ്യമങ്ങളുടെ സാധ്യതകളും ഇതിനായി ഉപയോഗിക്കാം. തദ്ദേശ ഭരണ സ്ഥാപന പരിധിയ്ക്ക് പുറത്തുള്ള സംരംഭകരെ ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തേണ്ടതാണ്. സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ആശയ ലഭ്യത, സാങ്കേതിക വിദ്യകൾ, സാമ്പത്തിക സഹായ സാധ്യതകൾ എന്നിവ ഈ വേദികളിൽ വിശദീകരിക്കണം. സംരംഭകത്വ രംഗത്ത് വൈദഗ്ദ്ധ്യമുള്ള വ്യക്തികളുടെയും എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിന്റെയും, എംപ്ലോയബിലിറ്റി സെന്ററിന്റെയും സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

(2) സംരംഭകത്വത്തെ സംബന്ധിച്ച പൊതു അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തൊഴിൽസഭകൾ സംഘടിപ്പിക്കാവുന്നതാണ്. സാമൂഹ്യനീതി ഉറപ്പാക്കി തൊഴിൽ സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള പിന്തുണ നൽകുന്നതിനും തൊഴിൽ ഏകോപനത്തിനും ആയുള്ള സൂക്ഷ്മതല ജനകീയസംവിധാനമായി ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക് തൊഴിൽസഭകൾ സംഘടിപ്പിക്കാവുന്നതാണ്. ആധുനിക വൈജ്ഞാനിക മേഖലകളുടെ സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി ഉല്പാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കുകയും അതുവഴി തൊഴിൽ സൃഷ്ടി ഉറപ്പാക്കുന്നതിന് തല്പരരായവർക്ക് അറിവ് നൽകുകയും ചെയ്യുന്ന വേദികളാണ് തൊഴിൽസഭകൾ. തൊഴിൽസഭകളിൽ പങ്കെടുക്കുന്നവരുടെ

നൈപുണ്യം, പ്രവർത്തന പരിചയം, താല്പര്യം, മറ്റ് വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സംരംഭക ക്ലബുകൾ, തൊഴിൽ ക്ലബുകൾ, തൊഴിൽക്കൂട്ടങ്ങൾ എന്നിവയിൽ ഉയരുന്ന ചർച്ചകൾക്കും തീരുമാനങ്ങൾക്കും അനുസൃതമായി നൈപുണ്യ വികസനത്തിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇതര തൊഴിലുകൾ ആർജ്ജിക്കുന്നതിനുമുള്ള സാധ്യതകൾ സൃഷ്ടിക്കേണ്ടതുണ്ട്.

### 9.2 സംരംഭകത്വവികസന ശില്പശാല

(1) പൊതു ബോധവൽക്കരണ പ്രവർത്തനങ്ങൾ (സാധ്യതയുണ്ടെങ്കിൽ ഹാക്കത്തോൺ കൂടി സംഘടിപ്പിച്ച ശേഷം) കഴിഞ്ഞാലുടൻ സംരംഭം ആരംഭിക്കാൻ സന്നദ്ധരായവരെയും, സ്റ്റേക്ക് ഹോൾഡേഴ്സിനെയും പങ്കെടുപ്പിച്ചുകൊണ്ട് സംരംഭകത്വ വികസന പരിപാടി സംഘടിപ്പിക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന മറ്റു സംരംഭകർ, വ്യവസായ വികസന എസ്റ്റേറ്റുകളിലും പാർക്കുകളിലും സംരംഭങ്ങൾ നടത്തുന്നവർ, ഈ രംഗത്തെ വിദഗ്ദ്ധർ എന്നിവരെ ഇതിൽ പങ്കെടുപ്പിക്കാവുന്നതാണ്. പൊതുവായി സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിവിധതരം സംരഭകത്വശേഷികൾ, സാങ്കേതികവിദ്യകൾ, മാനേജ്മെന്റ് തലത്തിൽ ശ്രദ്ധിക്കണ്ട കാര്യങ്ങൾ, സാമ്പത്തിക സഹായം ലഭിക്കുന്ന സ്രോതസ്സുകൾ, പ്രോജക്ടുകൾ നൽകുന്ന രീതി, സാങ്കേതിക സഹായം ലഭിക്കുന്ന കേന്ദ്രങ്ങൾ, തരണംചെയ്യേണ്ട വെല്ലുവിളികൾ എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുകയും യഥാർത്ഥ സംരംഭകരെ കണ്ടെത്താൻ ശ്രമിക്കുകയുമാണ് ഇതിലൂടെ ചെയ്യുന്നത്.

(2) ബ്ലോക്ക്/നഗരസഭാതലങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിനായിരിക്കും സംരംഭകത്വ വികസന ശില്പശാല സംഘടിപ്പിക്കുന്നതിന്റെ ചുമതല. പരിപാടിയിൽ ബോധവൽക്കരണ/വിശദീകരണ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കുന്ന വിദഗ്ദ്ധർക്ക് ഉചിതമായ പ്രതിഫലം അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

### 9.3 പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കൽ

(1) സംരംഭകത്വ വികസന പരിപാടിയ്ക്ക് ശേഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സന്നദ്ധരായി എത്തുന്നവരെ ഉൾപ്പെടുത്തി അവരുടെ താല്പര്യങ്ങളുടെയും അവസ്ഥാ പഠനത്തിന്റെ ഫലമായി കണ്ടെത്തിയ മുൻഗണനാ മേഖലകളുടെയും, മറ്റ് നൂതന സംരംഭകത്വ മേഖലകളിലെ സാദ്ധ്യതകളുടെയും അടിസ്ഥാനത്തിൽ പദ്ധതികൾ രൂപവൽക്കരിക്കുന്നതിനും പ്രോജക്ട് ഗുണപരമായി മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ട് ക്ലീനിക്കുകൾ (Project Clinics) സംഘടിപ്പിക്കണം. തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്രൊജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം പഞ്ചായത്ത്/ നഗരസഭാതല സംരംഭകത്വ- തൊഴിൽ വികസന കൗൺസിലിനായിരിക്കും. പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വിദഗ്ധരുടെ സഹായം ഉറപ്പവരുത്താവുന്നതാണ്. നിർദ്ദിഷ്ട രൂപരേഖയ്ക്കനുസരിച്ചുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത്.

**(2)** പ്രോജക്ട് ആശയങ്ങൾ രൂപീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രം, കൃഷി/ മൃഗസംരക്ഷണ/ക്ഷീര വികസനം/ഫിഷറീസ് തുടങ്ങിയവിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സേവനങ്ങൾ മേഖലയ്ക്കനുസരിച്ച് ഉപയോഗിക്കാവുന്നതാണ്. എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക്

എംപ്ലായബിലിറ്റി സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിലാണ് പ്രോജക്റ്റ് ക്ലിനിക്കുകൾ സംഘടിപ്പിക്കേണ്ടത്.

(3) ഇത്തരത്തിൽ പ്രോജക്റ്റ് ക്ലിനിക്കിൽ പങ്കെടുത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് തയ്യാറാകുന്നവരിൽ നിന്നും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സഹിതമുള്ള അപേക്ഷ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിൽ സ്വീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പ്രോജക്റ്റ് റിപ്പോർട്ടും അപേക്ഷയും തയ്യാറാക്കുന്നതിനുള്ള സഹായം എംപ്ലോയബിലിറ്റി സെന്ററുകൾ നൽകേണ്ടതാണ്.

(4) ഖണ്ഡിക 9.1, 9.2, 9.3 എന്നിവയിലെ പ്രവർത്തനങ്ങളോടൊപ്പം തന്നെ നൈപുണ്യ പരിശീലന പദ്ധതികളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കൽ, പരിശീലനാർത്ഥികളെ കണ്ടെത്തൽ, പരിശീലന വിഷയങ്ങൾ തെരഞ്ഞെടുക്കൽ തുടങ്ങിയ പ്രക്രിയകളും നടത്തേണ്ടതാണ്.

## 9.4 സംരംഭകത്വത്തിനുള്ള പിന്തുണകൾ

(1) ഓരോ സംരംഭത്തിന്റെയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ (ഡി.പി.ആർ) സമർപ്പിക്കുമ്പോൾ സംരംഭകർ പ്രതീക്ഷിക്കുന്ന ആനുകൂല്യങ്ങളുടെയും സഹായത്തിന്റെയും വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സംരംഭകത്വ-തൊഴിൽ വികസന കൗൺസിലും, എംപ്ലോയബിലിറ്റി സെന്ററും ഉറപ്പുവരുത്തണം. ഇത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയ്ക്ക് വ്യത്യസ്തങ്ങളായ പ്രോജക്റ്റുകൾ തയ്യാറാക്കി ആവശ്യമായ പിന്തുണ നൽകേണ്ടത്.

(2) സംരംഭം ആരംഭിക്കാൻ തയ്യാറായവർക്കായി അവരവർ തെരഞ്ഞെടുത്ത മേഖലയിൽ ആവശ്യമുള്ള നൈപുണ്യ പരിശീലനം, ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, സാങ്കേതിക പിന്തുണ (യന്ത്രങ്ങൾ, നിർമാണസാമഗ്രികൾ, സാങ്കേതികവിദ്യ), ഇൻകുബേഷൻ, സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതി, ലൈസൻസുകൾ, അടിസ്ഥാന സൗകര്യങ്ങൾ, സബ്സിഡി എന്നിവ ലഭ്യമാക്കുകയാണ് അടുത്ത പടി. ഇതിനാവശ്യമായ പിന്തുണ ഉറപ്പുവരുത്തികൊണ്ട് സമയബന്ധിതമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഇടപെടലുകൾ സംരംഭകത്വ- തൊഴിൽ വികസന കൗൺസിൽ നടത്തേണ്ടതാണ്.

(3) ഇതിനായി എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക്, തദ്ദേശഭരണസ്ഥാപന സാങ്കേതികസമിതി എന്നിവയിലൂടെ നൽകേണ്ട പിന്തുണകൾ കാര്യക്ഷമമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനത്തിനാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനതലത്തിൽ അംഗീകാരം നൽകേണ്ട പ്രൊപ്പോസലുകൾ പരിശോധിച്ച് അംഗീകാരത്തിനായി ഭരണ സമിതിയ്ക്ക് ശുപാർശ നൽകേണ്ടതിന്റേയും ജില്ലാതല അംഗീകാരം ആവശ്യമായ പ്രൊപ്പോസലുകൾ ശുപാർശ ചെയ്ത് ഭരണ സമിതിയുടെ അനുമതിയോടെ ജില്ലാതല സാങ്കേതികസമിതിക്ക് സമർപ്പിക്കേണ്ടതിന്റേയും ഉത്തരവാദിത്തം സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിനായിരിക്കും. ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രോജക്റ്റുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം. പ്രോജക്റ്റുകൾക്ക് ആവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പൊതു വിഭാഗം വികസന

ഫണ്ടിൽ നിന്നോ മാർഗ നിർദ്ദേശങ്ങൾക്ക് വിധേയമായി മറ്റ് ഫണ്ടുകളിൽ നിന്നോ, വിവിധ വകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ ഉപയോഗിച്ചോ കണ്ടെത്തേണ്ടതാണ്.

(4) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സമയബന്ധിതമായി സംരംഭകർക്ക് ആവശ്യമായ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംരംഭകത്വ- തൊഴിൽ വികസന കൗൺസിൽ നടത്തേണ്ടതാണ്.

(5) മേൽവിവരിച്ച സംരംഭകത്വ മാതൃകകൾക്ക് അനുകൂലമായ അന്തരീക്ഷം തദ്ദേശഭരണ സ്ഥാപനതലത്തിൽ സൃഷ്ടിക്കേണ്ടതുണ്ട്. പ്രസ്തുത സംരംഭകത്വ സൗഹൃദ അന്തരീക്ഷത്തിന് പ്രധാനമായും ഊന്നൽ നൽകേണ്ട മേഖലകൾ ചുവടെ പ്രതിപാദിക്കുന്നു.

**എ) ഭൂമിയും കെട്ടിടവും:**

(1) പൊതു ഉടമസ്ഥതയിലുള്ളതും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതു മായ ആയ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തണം (സംസ്ഥാന തലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും, ജില്ലാതലത്തിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും, തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളുമാണ് ഇതിന്റെ ചുമതല വഹിക്കേണ്ടത് ).

(2) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയും കെട്ടിടവും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സംരംഭകർക്ക് കൈമാറാവുന്നതാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പക്കലുള്ള കെട്ടിടവും ഭൂമിയും ഇതിനായി ലഭ്യമാക്കുന്നതും പരിഗണിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപന പരിധിയിൽ ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യ ഉടമസ്ഥയിലുള്ള കെട്ടിടങ്ങളും ഭൂമിയും സംരംഭക ആവശ്യങ്ങൾക്കായി സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്.

**ബി) അടിസ്ഥാന സൗകര്യവികസനം:**

(1) സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഊന്നൽ നൽകേണ്ടതാണ്.

(2) അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി എന്നിവയുടെ ലഭ്യത, മാലിന്യ സംസ്കരണ /നിർമ്മാർജ്ജന സംവിധാനങ്ങൾ, ഗതാഗത സൗകര്യം എന്നിവ സംരംഭക സാധ്യതയുള്ള പ്രദേശങ്ങളിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

(3) വൈദ്യുതി കണക്ഷനുകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കേണ്ടുന്ന ഓക്യുപെൻസി സർട്ടിഫിക്കറ്റുകൾ സമയബന്ധിമായി നൽകണം. സംരംഭകർക്കുള്ള വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ കാലതാമസം കൂടാതെ ലഭിക്കുന്നുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപനം ഉറപ്പുവരുത്തണം.

(4) പ്രാദേശികമായി പത്തുപേർക്കെങ്കിലും പ്രത്യക്ഷ തൊഴിൽ (Regular/Salaried Jobs) നൽകാൻ സാധ്യതയുള്ള സംരംഭങ്ങൾക്ക് 500 മീറ്റർ ദൈർഘ്യംവരെ റോഡുകൾ ഗതാഗത യോഗ്യമാക്കി നൽകാവുന്നതാണ്.

(5) നിലവിൽ സംരംഭങ്ങൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിലും ഭാവിയിൽ സംരംഭ വ്യവസായ സാധ്യതയുള്ള പ്രദേശങ്ങളിലും സംരംഭ വികസനത്തിന് അനുകൂലമാകുന്ന തരത്തിൽ റോഡുകളും അനുബന്ധ സൗകര്യങ്ങളും മുൻഗണനാ ക്രമത്തിൽ വികസിപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപന പരിധിയിലുള്ള വ്യക്തികൾക്ക് ലഭിക്കാൻ സാധ്യതയുള്ള തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. അത്തരം വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(6) സംരംഭകത്വ വികസനത്തിന്റെ ഭാഗമായുള്ള ജലം, വൈദ്യുതി എന്നിവയുടെ ലഭ്യത, ഗതാഗത സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതും ആവശ്യമെങ്കിൽ അത്തരം പ്രോജക്ടുകൾക്കുള്ള വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതുമാണ്.

**സി) മാനവ വിഭവശേഷി:**

(1) വിദഗ്ദ്ധ/അവിദഗ്ധ തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കൽ, തൊഴിലുമായി ബന്ധപ്പെട്ട വൈദഗ്ദ്ധ്യത്തിലുള്ള പോരായ്മ പരിഹരിക്കൽ എന്നിവയ്ക്കാവശ്യമായ നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

(2) നിലവിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികളായ ഡി.ഡി.യു.ജി.കെ.വൈ., യുവകേരളം, ഗോത്രകിരണം എന്നിവയിലും കേരള അക്കാഡമി ഫോർ സ്കിൽ എക്സെലൻസ് (KASE), അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)എന്നിവയിലും, കുടുംബശ്രീ മിഷൻ, കെ-ഡിസ്ക് എന്നിവ എംപാനൽ ചെയ്തിട്ടുള്ള ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടികളിലും ഉൾപ്പെടുത്തി ആവശ്യമായ നൈപുണ്യ പരിശീലനങ്ങൾ നൽകാവുന്നതാണ്.

(3) വിവിധ വിഷയങ്ങളിൽ പ്രത്യേക നൈപുണ്യം ആവശ്യമുള്ള പക്ഷം സംരംഭകർക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തവരിൽ നിന്ന് പരിശീലനം സിദ്ധിച്ചവരെ ലഭ്യമാക്കാവുന്നതാണ്.

(4) തദ്ദേശഭരണസ്ഥാപന പരിധിയിലെ സംരംഭങ്ങളിൽ നിലവിലുള്ള തൊഴിൽ സാധ്യത മനസ്സിലാക്കി ആവശ്യമുള്ള മേഖലകളിൽ പരിശീലന പരിപാടികൾ നടത്തി നൈപുണ്യം വികസനത്തിലൂടെ തൊഴിലുകൾ ഏറ്റെടുക്കാൻ പ്രാപ്തമായ തൊഴിൽസേനയെ സജ്ജമാക്കണം. ഇത്തരം പരിശീലന പരിപാടികൾക്കാവശ്യമായ പ്രോജക്ടുകൾ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. കുടുംബശ്രീമിഷൻ അടക്കമുള്ള വിവിധ ഏജൻസികൾ രൂപം നൽകുന്ന നൈപുണ്യ പരിശീലന പരിപാടികളുടെ സംയോജന സാധ്യതകൾ പരിശീലനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

(5) ബ്ലോക്ക്/നഗരസഭാ തലങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകളിൽ വിദഗ്ദ്ധ തൊഴിലാളികളോടൊപ്പം തന്നെ അവിദഗ്ദ്ധ തൊഴിൽ ആവശ്യമുള്ളവരുടെ

രജിസ്ട്രേഷൻ നടത്താവുന്നതും സംരംഭങ്ങൾക്ക് ആവശ്യമുള്ള പക്ഷം രജിസ്റ്റർ ചെയ്യുവരെ ലഭ്യമാക്കാവുന്നതുമാണ്.

**ഡി) സാമ്പത്തിക സഹായം**

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന ധനസഹായങ്ങൾ സംരംഭകർക്ക് നൽകാവുന്നതാണ്. കൂടാതെ പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, മറ്റുധനകാര്യ സ്ഥാപനങ്ങൾ എന്നവയിൽ നിന്നുള്ള വായ്പ ലഭിക്കുന്നതിനുള്ള പിന്തുണയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

(2) വായ്പാ ബന്ധിത പ്രോജക്ടുകളുടെ വായ്പാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ബ്ലോക്കുതല ബാങ്കേഴ്സ് സമിതിയുമായും ലീഡ് ബാങ്ക് പ്രതിനിധികളുമായും അർദ്ധ വാർഷിക/വാർഷിക അടിസ്ഥാനത്തിൽ ആശയവിനിമയം നടത്തുകയും തദ്ദേശ ഭരണ സ്ഥാപന പരിധിയിലെ സംരംഭകരുടെ സംരംഭ സാധ്യതകൾക്ക് അനുസൃതമായ ക്രെഡിറ്റ് പ്ലാൻ ചർച്ച ചെയ്യുകയും ചെയ്യാവുന്നതാണ്. തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതി ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതാണ്. സംരംഭം സ്ഥാപിക്കുന്നതിനു വേണ്ടി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വായ്പകളുടെ സാദ്ധ്യതകൾ വിലയിരുത്തുകയും അപേക്ഷകന് മാർഗനിർദ്ദേശം നൽകുകയും ചെയ്യാവുന്നതാണ്.

(3) ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രേഡഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്), ഇൻക്യൂബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം തുടങ്ങിയ സഹായങ്ങൾ നൽകുന്നത് സംരംഭത്തിന്റെ പദ്ധതിരേഖയെ അടിസ്ഥാനമാക്കിയായിരിക്കണം. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് നൽകുന്നതിന് നഷ്ടമായ തൊഴിൽ പുനഃസ്ഥാപിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

(4) സൃഷ്ടിക്കപ്പെടാവുന്ന തൊഴിലവസരങ്ങളെ അടിസ്ഥാനമാക്കി സംരംഭകർക്കു നൽകാവുന്ന ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രേഡഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട് ), ഇൻക്യൂബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം എന്നിവയ്ക്കുള്ള മാനദണ്ഡങ്ങളും വകയിരുത്താവുന്ന തുകയും സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022, പ്രകാരമുള്ള സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങളിൽ ചേർത്തിട്ടുണ്ട്.

**(ഇ) സാങ്കേതിക സഹായങ്ങൾ**

(1) സംരംഭകർക്ക് അനിവാര്യമായിലഭിക്കേണ്ട സാങ്കേതിക സഹായം നൽകുന്നതിനുള്ള സംവിധാനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തയ്യാറാക്കാവുന്നതാണ്. പ്രാദേശികമായി ലഭ്യമായ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, കൺസൾട്ടൻസി ഏജൻസികൾ, സംരംഭകത്വ വിദഗദ്ധർ എന്നിവരുടെ സഹായത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുൻകൈ എടുക്കാം.

(2) പരിശീലനങ്ങൾ, കൺസൾട്ടൻസി, ഇൻകുബേഷൻ സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിന് വിവിധ ഏജൻസികളുമായി തദ്ദശഭരണ സ്ഥാപനത്തിന് ചർച്ച നടത്താം.

(3) സംരംഭകത്വ വികസനത്തിൽ വിവിധ നിർവഹണ ഏജൻസികൾ, വികസന വകുപ്പുകൾ എന്നിവയുടെ പദ്ധതികളുടെ സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകാം.

**എഫ് ) സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ**

(1) ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന നാനോ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്ത്/നഗര ഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമില്ലാത്തതാണ്. എന്നാൽ ഇത്തരം സംരംഭങ്ങൾ ഗ്രാമ പഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങളിൽ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

a) ഭൂമി, കെട്ടിടം എന്നിവ ഒഴികെയുള്ള ആകെ മൂലധനം 5 ലക്ഷം രൂപവരെ

b) മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ ഉൾപ്പെട്ടവ.

c) അഞ്ച് കുതിരശക്തിയിൽ കുറവ് ശേഷിയുള്ള യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളവ

(2) 2019-ലെ കേരള പഞ്ചായത്ത് /മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25(2) (a) പ്രകാരം പാർപ്പിട ആവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ 50 ചതുരശ്ര മീറ്റർ വരെ നിർമ്മിതി വിസ്തീർണ്ണമുള്ള ഭാഗത്ത് മുഖ്യ പാർപ്പിട ആവശ്യത്തിന്റെ ഭാഗമായി ചെറിയ പ്രൊഫഷണൽ ഓഫീസുകൾ, ചെറുകിട ഗാർഹിക ബിസിനസ്സുകൾ എന്നിവ നടത്തുന്നതിനും അല്ലെങ്കിൽ അഭിഭാഷകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, ബ്യൂട്ടീഷ്യൻമാർ, തയ്യൽക്കാർ, ഫോട്ടോഗ്രാഫർമാർ, വീഡിയോഗ്രാഫർമാർ, ടെലിഫോൺ ബൂത്ത് ഓപ്പറേറ്റർമാർ, കമ്പ്യൂട്ടർ വിദഗ്ധർ, ടൈപ്പിസ്റ്റുകൾ, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണ സേവന വിദഗ്ധർ എന്നിവരുടെ ഉപയോഗത്തിനായും അനുവാദം നൽകാവുന്നതാണ്.

(3) 200 ചതുരശ്ര മീറ്ററിൽ കവിയാത്ത നിർമ്മിതി വിസ്തീർണ്ണമുള്ള താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗ ഗണത്തിൽ മാറ്റം വരുത്താതെ ക്രഷ്, ഡേ കെയർ സെന്ററുകൾ, കുട്ടികളുടെ നഴ്സറികൾ, വായനശാലകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്.

(4) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെട്ടിട്ടില്ലാത്ത (വിജ്ഞാപനം ചെയ്യപ്പെടാത്ത)ഭൂമിയിൽ (unnotiified land) 40 സ്ക്വയർ മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് അനുമതി നൽകാവുന്നതാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ കാര്യത്തിൽ ആർ.ഡി.ഒയുടെ തരംമാറ്റ ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ അവിടെ കെട്ടിടം നിർമ്മിച്ച് ഏതുതരത്തിലുള്ള സംരംഭങ്ങളും ആരംഭിക്കാവുന്നതുമാണ്.

(5) സംരംഭങ്ങൾക്ക് ആവശ്യമായ ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്. അനുമതി/ ലൈസൻസുകൾ/ പെർമിറ്റുകൾ എന്നിവയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുവാൻ പാടുള്ളതല്ല. അപാകതകൾ ഉള്ള അപേക്ഷകളാണെങ്കിൽ അവ പരിഹരിച്ച ശേഷം അനുമതി/ ലൈസൻസുകൾ/പെർമിറ്റുകൾ നൽകുകയാണ് വേണ്ടത്. സംരംഭങ്ങളിൽ അനാവശ്യമായ പരിശോധനകൾ ഒഴിവാക്കണം. നടത്തുന്ന പരിശോധനകൾ കൃത്യമായി

നിർവ്വചിക്കപ്പെട്ടതും വസ്തുനിഷ്ഠമായ ഘടകങ്ങളെ അടിസ്ഥാനമാക്കിയും ആയിരിക്കണം. പരിശോധനാ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്നവരുടെ മാന്യമായ പെരുമാറ്റവും സംരംഭകരോടുള്ള സഹകരണവും ഉറപ്പാക്കണം. പരിശോധനമൂലം സ്ഥാപനത്തിന്റെ പ്രവർത്തനം തടസ്സപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ 31.08.2021-ലെ സ.ഉ.(കൈ)നം.191/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(6) 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസി'ന്റെ ഭാഗമായി നിലവിൽ വന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ നിയമ പ്രകാരം ഒരു സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് ജില്ലാതല ഏകജാല ക്ലിയറൻസ് ബോർഡ് നൽകിയിട്ടുള്ള കൈപ്പറ്റ് സാക്ഷ്യപത്രമോ ഇതര വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിക്ഷേപം സുഗമമാക്കൽ ബ്യൂറോ നൽകിയിട്ടുള്ള അംഗീകാരമോ ഉണ്ടെങ്കിൽ അത്തരം സംരംഭങ്ങൾക്ക് നിയമം അനുശാസിക്കുന്ന കാലയളവ് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ്/അനുമതി ആവശ്യമില്ലാത്തതാണ്.

(7) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും, 1994-ലെ കേരള മുൻസിപ്പൽ നിയമത്തിലും, 2019-ലെ കേരള പഞ്ചായത്ത് /മുനിസിപ്പാലിറ്റികെട്ടിട നിർമ്മാണ ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 10. നൈപുണ്യവികസന പരിപാടികൾ

(1) പ്രാദേശികമായി ലഭ്യമായ മാനവവിഭവശേഷിയെ നിലവിലുള്ള തൊഴിലവസരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കാര്യശേഷി വർദ്ധിപ്പിച്ച് പ്രാപ്തരാക്കുന്നതിനാണ് ഇവിടെ ലക്ഷ്യമിടുന്നത്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ കഴിവിന്റെയും വിദ്യാഭ്യാസ യോഗ്യതയുടെയും അഭിരുചിയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ പരിശീലനമാണ് നൽകേണ്ടത്. നൈപുണ്യ പരിശീലനവും തൊഴിലും വ്യവസ്ഥാപിതരീതിയിൽ നൽകുന്നതിലൂടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുന്നതിനും തൊഴിലിടങ്ങൾ തൊഴിലാളി സൗഹൃദ ഇടങ്ങളാക്കി മാറ്റുന്നതിനും സാധിക്കുന്നതാണ്.

(2) നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനതലത്തിൽ നേതൃത്വം നൽകേണ്ട സംരംഭകത്വ -തൊഴിൽ വികസന കൗൺസിലാണ്. സെക്ടർസ്കിൽ കൗൺസിൽ അംഗീകരിച്ച വിവിധ കോഴ്സുകളിലുള്ള പരിശീലനങ്ങൾ, സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ സർക്കാർ അംഗീകൃത ഏജൻസികൾ (കുടുംബശ്രീ, KASE, ASAP തുടങ്ങി വിവിധ ഏജൻസികൾ) മുഖേനയാണ് നൽകേണ്ടത്. നൈപുണ്യ വികസനത്തിന് ചുവടെ പറയുന്ന അഞ്ചുതരം മാതൃകകൾ പ്രാദേശിക സർക്കാരുകൾക്ക് കൈക്കൊള്ളാവുന്നതാണ്.

(a) <u>ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യവികസനം (Trade-Specific Skill Training)</u> : അടിസ്ഥാന വിദ്യാഭ്യാസം മാത്രമുള്ളവരും ഒരു പ്രത്യേക മേഖലയിൽ നൈപുണ്യ പരിശീലനം ലഭിക്കാത്തവർക്കും വേണ്ടിയാണ് ഈ പരിശീലനം. പരിശീലനാർത്ഥികളുടെ

കഴിവിനും അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കും അനുസൃതമായാണ് പരിശീലനം നൽകുക. സെക്ടർ സ്കിൽ കൗൺസിലുകൾ അംഗീകരിച്ച കോഴ്സുകളിൽ പരിശീലനം നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

(b) **തൊഴിൽ പ്രാപ്തിക്കുവേണ്ട അധിക പരിശീലനം (Industry–readiness and soft skills):** ആവശ്യമായ വിദ്യാഭ്യാസം നേടിയിട്ടും വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായ തൊഴിൽ നേടിയെടുക്കുന്നതിനുള്ള കാര്യപ്രാപ്തിയില്ലാത്തവർക്കു വേണ്ടിയാണ് ഈ പരിശീലനം. ഇന്റർവ്യൂ അടക്കമുള്ള തെരഞ്ഞെടുക്കൽ പ്രക്രിയകളെ നേരിടാൻ ആവശ്യമായ അറിവും ആത്മവിശ്വാസവും വളർത്തിയെടുക്കുന്നതിനുള്ള പരിശീലനമാണ് നൽകേണ്ടത്. ബ്രിഡ്ജ്കോഴ്സ്, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ ഹ്രസ്വകാല പരിശീലനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്.

(c) **നിലവിലെ ആർജ്ജിത വൈദഗ്ദ്ധ്യത്തിന് അംഗീകാരം നൽകൽ (Recognition of prior learning):** കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ നിരവധി പേർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ സ്വദേശത്ത് എത്തുകയും ഉപജീവന മാർഗങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നുണ്ട്. അനുഭവ പരിചയവും നൈപുണ്യവും ഉണ്ടെങ്കിൽപോലും ഔദ്യോഗികമായ സർട്ടിഫിക്കേഷന്റെ അഭാവം പുതിയ ഉപജീവനമാർഗങ്ങൾ നേടിയെടുക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു. ഇത്തരം വിഭാഗങ്ങൾക്ക് നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (NSDC) കീഴിലുള്ള വിവിധ സെക്ടർസ്കിൽ കൗൺസിലുകളുടെ അംഗീകൃത സർട്ടിഫിക്കറ്റ് നേടിക്കൊടുക്കുകയാണ് ഇത്തരം പരിശീലനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

(d) **അധിക നൈപുണ്യവും പുനർ നൈപുണ്യവും (Up–Skilling and reskilling)):** നിലവിൽ ഏതെങ്കിലും തരത്തിലുള്ള നൈപുണ്യമുള്ളവർക്ക് ആ മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ ഉയർന്ന നിലയിലുള്ള വൈദഗ്ദ്ധ്യ പരിശീലനം നൽകുകയാണ് അധിക നൈപുണ്യ (Up–skilling) പരിശീലനത്തിലൂടെ ചെയ്യേണ്ടത്. ഏതെങ്കിലും തരത്തിലുള്ള നൈപുണ്യമുള്ള വർക്ക് കൂടുതൽ മെച്ചപ്പെട്ട ജോലി ലഭ്യമാക്കാൻ സഹായിക്കുന്ന തരത്തിൽ പുതിയ മേഖലയിൽ പരിശീലനം നൽകുകയാണ് പുനർനൈപുണ്യം (re–skilling) കൊണ്ടുദ്ദേശിക്കുന്നത്. ഇതിലൂടെ പരിശീലനാർത്ഥികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുകയും നിലവിൽ ജോലി ചെയ്യുന്നവരാണെങ്കിൽ കൂടുതൽമെച്ചപ്പെട്ട ജോലി സാധ്യത ഉറപ്പാക്കുകയുമാണ് ഉദ്ദേശിക്കുന്നത്.

(e) **മികവ് വർദ്ധന പരിപാടി (Performance Improvement Programme) – തൊഴിൽ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനാവശ്യമായ ഹ്രസ്വകാല കോഴ്സുകൾ:** തൊഴിൽ ഉണ്ടായിരിക്കെ തന്നെ പുത്തൻ തൊഴിൽരീതികൾ, സാങ്കേതികവിദ്യകൾ എന്നിവയുമായി പൊരുത്തപ്പെടാനാവാത്തതുകൊണ്ട് നിലവിലുള്ള ജോലികൾ വേണ്ടത്ര നന്നായി ചെയ്യാൻ കഴിയാത്തവരെയാണ് ഈ പരിപാടിയിൽ ലക്ഷ്യമിടുന്നത്. നിലവിൽ അറിവും വൈദഗ്ധ്യവും തൊഴിൽ സന്നദ്ധതയുമുള്ളവരുടെ തൊഴിലിടങ്ങളിലെ കാര്യപ്രാപ്തി വികസിപ്പിക്കുന്നതിനും അവരുടെ വ്യക്തിപരമായ ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും ഇത്തരം പരിശീലനം ഉപകരിക്കും. സ്വന്തമായിവരുമാനം ഉള്ളവരെയാണ് ലക്ഷ്യമിടുന്നത്. തൊഴിലിനോടൊപ്പം നേടാവുന്നതരത്തിൽ ജോലിസമയത്തിനു പുറത്തായിരിക്കും പരിശീലനം സംഘടിപ്പിക്കുക. പരിശീലനം ലഭിച്ചവർക്ക് നിലവിലെ

തൊഴിലിലോ/സ്ഥാപനത്തിലോ ഉയർന്ന നിലയിലേക്ക് നീങ്ങുന്നതിന് പരിശീലനം സഹായകരമാകാൻ ഇടയുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

**10.1 നൈപുണ്യവികസനവുമായി ബന്ധപ്പെട്ടുള്ള തുടർപ്രവർത്തനങ്ങൾ:**

(1) വിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവും ഉണ്ടായിട്ടും തൊഴിൽ രഹിതരായിട്ടുള്ളവരിൽ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി തൊഴിൽ സംഗമങ്ങൾ (job fairs), കെ-ഡിസ്കിന്റെ ഡിജിറ്റൽ വർക്ക് മാനേജ്മെന്റ് സിസ്റ്റം (DWMS), എംപ്ലോയബിലിറ്റി സെന്റർ എന്നിവയിലൂടെ തൊഴിലവസരങ്ങളിലേയ്ക്ക് ബന്ധിപ്പിക്കലാണ് ഇവിടെചെയ്യേണ്ടത്. ലഭ്യമായ അവസരങ്ങളിലേക്ക് വളരെവേഗം യോഗ്യരായവരെ എത്തിക്കുന്നതാണ് ഇവിടെ പ്രധാനം.

(2) നൈപുണ്യ വികസനത്തിലൂടെ തൊഴിൽ ഉറപ്പാക്കലാണ് രണ്ടാമത്തെ മാർഗ്ഗം. അവസരങ്ങൾ രൂപപ്പെട്ടുവരുന്നതിനു മുമ്പുതന്നെ അവയ്ക്കാവശ്യമായ നൈപുണ്യമുള്ള യുവാക്കളെ തയ്യാറാക്കി അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് ഇവിടെ പ്രാധാന്യം. വിവര സഞ്ചയത്തിലെ മാനവ-വിഭവശേഷിയിലെ വ്യത്യസ്തത വിശകലനം ചെയ്തു കൊണ്ട് യുവതീ-യുവാക്കൾക്ക് ആവശ്യമായ നൈപുണ്യ വികസനം നടത്തുന്നതിന് നേരത്തെ വിവരിച്ച അഞ്ച് തരത്തിലുള്ള സമീപനങ്ങൾ സ്വീകരിക്കുന്നതാണ്.

(3) സ്കിൽ ഗ്യാപ് അനാലിസിസ്: ഓരോ തദ്ദേശഭരണ സ്ഥാപനത്തിലുമുള്ള യുവതീ-യുവാക്കളുടെ നിലവിലുള്ള നൈപുണ്യവും ഉള്ള തൊഴിലവസരങ്ങളും തമ്മിലുള്ള അന്തരം മനസ്സിലാക്കുകയും ആയത് പരിശീലനത്തിലൂടെ നികത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി പ്രത്യേകം നൈപുണ്യവികസനപദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ, ഭാവിയിൽ സൃഷ്ടിക്കപ്പെടാവുന്ന തൊഴിലവസരങ്ങൾ മുൻകൂട്ടിക്കണ്ടുള്ള നൈപുണ്യ പരിശീലനങ്ങളും നൽകണം. സ്കിൽ ഗ്യാപ് അനാലിസിസ് നടത്തുന്നതിനായി ആവശ്യമായ ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ടതാണ്. അനുബന്ധം 3 അനുസരിച്ച് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്കിൽഗ്യാപ് അനാലിസിസ് നടത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക വിദഗ്ധരുടെ സേവനം കുടുംബശ്രീ മിഷൻ ലഭ്യമാക്കേണ്ടതാണ്. സ്കിൽഗ്യാപ് അനാലിസിസ് നടത്തുന്നതിന് ആവശ്യമായ പ്രോജക്ട് ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്.

**10.2 പരിശീലന ഏജൻസികളെ തെരഞ്ഞെടുക്കൽ:**

(1) സർവകലാശാലകൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് എന്നിവയിലൂടെ പരിശീലന പരിപാടികൾ നടത്താവുന്നതാണ്. കുടുംബശ്രീ മിഷൻ, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE), കേരള ഡവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC), പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പുകൾ, കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ എന്നിവ അംഗീകരിച്ചിട്ടുള്ള ഏജൻസികളെയാണ് പരിശീലനത്തിനായി ചുമതലപ്പെടുത്തേണ്ടത്.

(2) പരിശീലന ഏജൻസികളുടെ അക്രഡിറ്റേഷനായി കുടുംബശ്രീ മിഷൻ, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സമിതി എംപാനൽ ചെയ്യുന്ന ഏജൻസികളെയും പരിശീലന ഏജൻസികളായി പരിഗണിക്കാവുന്നതാണ്.

(3) നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിലുകൾ അംഗീകരിച്ച കോഴ്സുകളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തേണ്ടത്.

(4) സംസ്ഥാന എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, മോഡൽ കരിയർ സെന്ററുകൾ, എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവിടങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങളും എംപ്ലോയ്മെന്റ് വകുപ്പിന്റെ പദ്ധതികളും നൈപുണ്യ വികസനം/സംരംഭകത്വ വികസനത്തിന്റെ ഭാഗമായി ഉപയോഗപ്പെടുത്താവുന്നതാണ്.

**10.3 പരിശീലനാർത്ഥികളെ കണ്ടെത്തലും പരിശീലനങ്ങളും:**

തദ്ദേശഭരണ സ്ഥാപനം ഖണ്ഡിക 10.1 പ്രകാരം നടത്തുന്ന പ്രവർത്തനങ്ങളോടൊപ്പം തന്നെ നൈപുണ്യ പരിശീലനം ആവശ്യമുള്ള യുവതീ-യുവാക്കളുടെ പട്ടികയും പരിശീലനം ആവശ്യമുള്ള വിഷയങ്ങളും നിശ്ചയിക്കേണ്ടതാണ്. ഇതിനായി അത്തരം പ്രവർത്തനങ്ങളിൽ പരിശീലനത്തെപ്പറ്റിയുള്ള പ്രാഥമിക വിവരങ്ങൾ, സാധ്യതകൾ, പരിശീലനച്ചെലവ്, തൊഴിൽസാധ്യതകൾ എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങളും ചർച്ച ചെയ്യേണ്ടതാണ്. പരിശീലനാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗും അഭിരുചി പരീക്ഷയും നടത്തി അനുയോജ്യമായ പരിശീലനം നൽകേണ്ട ചുമതല തദ്ദേശ ഭരണ സ്ഥാപനം കണ്ടെത്തുന്ന ഏജൻസികൾക്കായിരിക്കും. കഴിയുന്നതും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സ്കീമുകളുമായുള്ള സംയോജനത്തിലൂടെയാണ് പരിശീലനത്തിന് ആവശ്യമായ ചെലവ് കണ്ടെത്തേണ്ടത്.

അനുബന്ധം –1

# അപേക്ഷാ ഫോറം

[ഖണ്ഡിക 6(1) കാണുക]

| അപേക്ഷക(ന്റെ) യുടെ ഫോട്ടോ |
|---|

ഭാഗം –1 (അപേക്ഷകൻ പൂരിപ്പിക്കേണ്ടത് )

| | | | |
|---|---|---|---|
| 1 | അപേക്ഷക(ന്റെ)യുടെ പേര് | : | |
| 2 | വയസ്സ് | : | |
| 3 | മേൽവിലാസം (പിൻകോഡ് ഉൾപ്പെടെ) | : | |
| 4 | ജനന തീയതി | : | |
| 5 | ആധാർ നമ്പർ | : | |
| 6 | മൊബൈൽ നമ്പർ | : | |
| 7 | ഇ–മെയിൽ ഐ.ഡി | : | |
| 8 | സ്ത്രീ/പുരുഷൻ | : | |
| 9 | വിഭാഗം | : | ജനറൽ/ എസ്.സി/ എസ്.ടി/ മറ്റുള്ളവ |
| 10 | സംരംഭത്തിന്റെ വിശദാംശങ്ങൾ | : | |
| (1) | ലഭ്യമാക്കുന്ന തൊഴിലവസരങ്ങളുടെ എണ്ണം | | |
| (2) | തദ്ദേശ സ്ഥാപനത്തിൽ നിന്നും ആവശ്യമുള്ള സാമ്പത്തിക സഹായം | : | പലിശ സബ്സിഡി/ഇതര ധനസഹായം വിശദമാക്കുക |
| (3) | ബാങ്ക് വായ്പ എടുത്തിട്ടുണ്ടോ? | : | ഉണ്ട് / ഇല്ല |
| | ബാങ്ക് വായ്പ എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ | | ബാങ്കിന്റെ പേര്: |
| | (വായ്പ അനുവദിച്ചുകൊണ്ടുള്ള ബാങ്കിന്റെ അറിയിപ്പിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം) | | ശാഖ:<br>തുക :<br>പലിശ നിരക്ക്: |
| (4) | ആരംഭിക്കാൻ ഉദ്ദേശിക്കുന്ന / നിലവിലുള്ള/പുനരുദ്ധരിക്കുന്ന | : | |

| | | | |
|---|---|---|---|
| | **സംരംഭത്തിന്റെ പേരും മേൽവിലാസവും** | | |
| (5) | **സംരംഭത്തിന്റെപ്രവർത്തന മേഖല** | : | **ഉത്പാദനം/സേവനം/വിപണനം** |
| (6) | **ഉത്പന്നങ്ങളുടെ/സേവനങ്ങളുടെ വിവരങ്ങൾ** | : | |
| (7) | **ഏകദേശ മുതൽ മുടക്ക് (ഭൂമിയും കെട്ടിടവും ഒഴികെ** | : | |
| (8) | **സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും കൈവശത്തിന്റെ സ്വഭാവം** | : | **സ്വന്തം/ലീസ്/വാടക** |
| (9) | **സ്ഥലത്തിന്റെഅളവ്** | : | |
| (10) | **സർവ്വേ നം.** | : | |
| | **വില്ലേജ്** | | |
| (11) | **കെട്ടടത്തിന്റെ നമ്പർ** | : | |
| | **വാർഡ്** | : | |
| (12) | **ഗ്രാമപഞ്ചായത്ത്** | : | |

**സ്ഥലം** **അപേക്ഷകന്റെ ഒപ്പ്**
**തീയതി**

**ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ**

1) **വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR)**
2) **വസ്തുവിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം/കൈവശാവകാശം തെളിയിക്കുന്ന രേഖകളുടെ പകർപ്പ്**
3) **ഫോട്ടോ പതിച്ച അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്**

---

ഭാഗം – 2 (ഓഫീസ് ആവശ്യത്തിന് )

1) അപേക്ഷ ലഭിച്ച തീയതി
2) സംരംഭകത്വ – തൊഴിൽ വികസന കൗൺസിൽ അപേക്ഷ പരിഗണിച്ച തീയതി
3) അപേക്ഷയിന്മേലുള്ള സംരംഭകത്വ – തൊഴിൽ വികസന കൗൺസിൽ/സാങ്കേതിക സമിതി /ജില്ലാതല സാങ്കേതിക സമിതി/ഭരണസമിതി എന്നിവയുടെ തീരുമാനങ്ങൾ (ബാധകമായവ) ചേർക്കുക.

**അനുബന്ധം – 2**

സംരംഭകത്വ പിന്തുണകൾക്കായുള്ള അപേക്ഷാ രജിസ്റ്റർ
[ഖണ്ഡിക 6(1) കാണുക]

**.................................................................................... ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ**

| ക്രമ നം | അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേരും മേൽ വിലാസവും (മൊബൈൽ നമ്പരും ഇ- മെയിൽ വിലാസവും ഉൾപ്പെടെ) | ആവശ്യപ്പെട്ടുന്ന പിന്തുണ | ഡി.പി.ആർ ന്റെ വിശദാംശങ്ങൾ | അപേക്ഷ EEDC ക്ക് നൽകിയ തീയതി | അഭിപ്രായം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

**അനുബന്ധം – 3**

## അവസ്ഥാപഠനവും അനുബന്ധ പ്രവർത്തനങ്ങളും

[ഖണ്ഡിക 8 കാണുക]

1. **അവസ്ഥാപഠനം:**

(1) അവസ്ഥാപഠനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പ്രകൃതിവിഭവങ്ങൾ, മാനവ വിഭവ ശേഷി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരശേഖരം (LED Data Bank) സംരംഭകത്വ–തൊഴിൽ വികസന കൗൺസിലിന്റെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്.

(2) LED ഡേറ്റാബാങ്ക് എല്ലാവർഷവും പുതുക്കി തയ്യാറാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലും അവയുടെ ഘടക സ്ഥാപനങ്ങളിലും ലഭ്യമായിട്ടുള്ള വികസനരേഖകൾ, അടിസ്ഥാന വിവര രജിസ്റ്ററുകൾ, ആസ്തി രജിസ്റ്റർ, ലൈസൻസ് രജിസ്റ്ററുകൾ, വിവിധ വകുപ്പുകളുടെയും വികസന ഏജൻസികളുടെയും റിപ്പോർട്ടുകൾ, എന്നിവ വിവരശേഖരണത്തിനായി അവലംബിക്കാവുന്നതാണ്. ധനകാര്യ സ്ഥാപനങ്ങളും വിവിധ വകുപ്പുകളുമായുള്ള ചർച്ചകൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവയും വിവരശേഖരണം നടത്തുന്നതിനായി ഉപയോഗിക്കാവുന്നതാണ്. അവസ്ഥാപഠനത്തിനായി വിവിധ സാങ്കേതിക-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകൾ/സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ സഹായം പ്രയോജനപ്പെടുത്തേണ്ടതാണ്. ആവശ്യമെങ്കിൽ യോഗ്യരായ സ്വകാര്യ ഏജൻസികൾ വഴിയും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അവസ്ഥാപഠനം നടത്താവുന്നതാണ്. അവസ്ഥാപഠനത്തിന് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. അവസ്ഥാപഠനം സംബന്ധിച്ച പ്രോജക്ടിന്റെ നിർവ്വഹണ ചുമതല തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കായിരിക്കും. അവസ്ഥാ പഠനത്തിനായി മൂന്നു തരത്തിലുള്ള വിവരങ്ങളാണ് പ്രധാനമായും ശേഖരിക്കേണ്ടത്.

(a) പ്രകൃതി വിഭവങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ: ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും സംരഭങ്ങൾക്കോ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ സാധ്യതയുള്ള പ്രകൃതി വിഭവങ്ങളുടെ വിശദവിവരങ്ങൾ ശേഖരിക്കണം. പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ ലഭ്യത, ജലാശയങ്ങൾ, വനഭൂമി, മൃഗസമ്പത്ത് തുടങ്ങി എല്ലാതരത്തിലുമുള്ള പ്രകൃതി വിഭവങ്ങളുടെ അളവും അവസ്ഥയും ഇതിലൂടെ രേഖപ്പെടുത്തണം. നിലവിൽ ലഭ്യമായ ദ്വിതീയ വിവരങ്ങൾ ഉപയോഗപ്പെടുത്തുകയും കൂടുതലായി ആവശ്യമായ വിവരശേഖരണത്തിനായി പ്രാദേശികതലത്തിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും വിവിധ വകുപ്പുകളുമായുള്ള ചർച്ചകളും സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(b) മാനവവിഭവശേഷി സംബന്ധിച്ച വിവരങ്ങൾ: കെ–ഡിസ്കും കുടുംബശ്രീയും ചേർന്ന് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ നടത്തിയ തൊഴിലന്വേഷകരുടെ സർവേയിൽ നിന്നും DWMS ലേക്ക് പ്രൊഫൈൽ ചെയ്ത് ലഭ്യമാക്കുന്ന +2 വിദ്യാഭ്യാസ യോഗ്യതയും അതിൽ കൂടുതൽ യോഗ്യതയും ഉള്ള തൊഴിൽ അന്വേഷകരുടെ വിശദാംശങ്ങളും തദ്ദേശഭരണ

സ്ഥാപനതല കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി ഓഫീസുകളിൽ ലഭ്യമായ നൈപുണ്യ രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളും മാനവിഭവശേഷി അവസ്ഥാപഠനത്തിന് ഉപയോഗിക്കാവുന്നതാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള പ്ലസ്2 വിന് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ വിവരവും ശേഖരിക്കണം. നിലവിൽ വിവിധ മേഖലകളിൽ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഔപചാരിക വിദ്യാഭ്യാസ യോഗ്യത, മറ്റുകഴിവുകൾ, നിലവിലെ തൊഴിൽ അവസ്ഥ തുടങ്ങിയ മാനവ വിഭവശേഷിയുടെ സ്ഥിതിവിവരവും, പരമ്പരാഗത തൊഴിൽ മേഖലകളെ സംബന്ധിക്കുന്ന വിവരങ്ങളും ശേഖരിക്കേണ്ടതാണ്. സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളിലെ (ലൈഫ് പോലുള്ള) ഗുണഭോക്താക്കളിൽ ഉപജീവന സഹായം ആവശ്യമുള്ള കുടുംബങ്ങളുടെ മേൽപ്പറഞ്ഞ വിവരങ്ങളും ഉൾപ്പെടുത്തേണ്ട താണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, തൊഴിൽസഭകളിൽ രൂപീകരിക്കപ്പെട്ട തൊഴിൽ ക്ലബുകൾ, തൊഴിലാളി ക്ഷേമനിധി ബോർഡുകൾ, ഏജൻസികൾ എന്നിവയിൽ നിന്നും തൊഴിൽ ആവശ്യമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കാം. കൂടാതെ ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ രജിസ്ട്രേഷൻ സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്.

(c) അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ: പ്രാദേശികമായി ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടങ്ങൾ, ഫെസിലിറ്റേഷൻ സെന്ററുകൾ, യന്ത്രങ്ങൾ തുടങ്ങി വിവിധ പദ്ധതികളിലൂടെ നിർമ്മിച്ച ഉപയോഗ യോഗ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ ശേഖരിക്കണം. ഇപ്രകാരം കണ്ടെത്തുന്ന വിഭവങ്ങളുടെ പരമാവധി വിനിയോഗത്തിലൂടെ സംരംഭകത്വ മേഖലയ്ക്ക് ആവശ്യമായ പിന്തുണ നൽകാൻ സാധിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികളിലൂടെ ലഭ്യമായ കെട്ടിടം ഉൾപ്പെടെയുള്ള ഉപയോഗിക്കപ്പെടാത്ത അടിസ്ഥാന സൗകര്യങ്ങളെ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമായ വിവരങ്ങൾ, എക്കോണമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ലഭ്യമായ വിവരങ്ങൾ എന്നിവ വിവര സഞ്ചയത്തിന്റെ ഭാഗമാക്കുകയും അധിക വിവരങ്ങൾ ആവശ്യമെങ്കിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തിശേഖരിക്കുകയും ചെയ്യേണ്ടതാണ്.

(d) ഉൽപാദന സാദ്ധ്യതകൾ/മാർക്കറ്റിംഗ്/സാങ്കേതിക ലഭ്യത/ധനലഭ്യത എന്നിവയുടെ വിവരങ്ങൾ: തദ്ദേശഭരണ സ്ഥാപന പരിധിയിലെ ഉല്പാദന സാദ്ധ്യതകൾ മാർക്കറ്റിംഗ് സാദ്ധ്യതകൾ, സാങ്കേതികവിദ്യയുടെ പ്രാദേശിക ലഭ്യത എന്നിവ ഓരോ മേഖല തിരിച്ച് സംക്ഷിപ്തമായി തയ്യാറാക്കാവുന്നതാണ്.

2. **വിവരശേഖരണം പ്രവർത്തനരീതി:** ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിലുള്ള ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുചേർത്ത് അവസ്ഥാപഠനത്തിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണം. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിക്ക് പുറത്തുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ചുമതല തദ്ദേശ ഭരണ സ്ഥാപനത്തിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്. അവസ്ഥാപഠനത്തിന്റെ ഏകോപനവും, വിവരങ്ങളുടെ ക്രോഡീകരണവും വി.ഇ.ഒ/യു.പി.എ പ്രോജക്ട് ഓഫീസറും തദ്ദേശ ഭരണ സ്ഥാപനത്തിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥനും തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി നിശ്ചയിക്കുന്ന

ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനും ചേർന്ന് നിർവ്വഹിക്കേണ്ടതാണ്. ഇതിനാവശ്യമായ മേൽനോട്ടവും ക്ലറിക്കൽ സഹായവും തദ്ദേശഭരണ സ്ഥാപനതല സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പരിധിയിലുള്ള ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള ആസ്തികളുടെയും മറ്റു വിവരങ്ങളും അവസ്ഥാ പഠനത്തിന്റെ ഭാഗമായി ശേഖരിക്കേണ്ടതാണ്. ഇത്തരം ആസ്തികളും മറ്റു വിവരങ്ങളും ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

**3. വിവരങ്ങളുടെ ക്രോഡീകരണവും അവസ്ഥാപഠന റിപ്പോർട്ട് തയ്യാറാക്കലും**

പ്രകൃതി വിഭവങ്ങൾ, മാനവ വിഭവശേഷി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് മേൽ പ്രകാരം ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് പ്രാദേശിക സാമ്പത്തിക വികസന മേഖലയുടെ അവസ്ഥാപഠന റിപ്പോർട്ട്, ഇതിനായി കില നിയോഗിക്കുന്ന റിസോഴ്സ്പേഴ്സൺമാർ, പഞ്ചായത്ത് തല റിസോഴ്സ്പേഴ്സൺ എന്നിവരുടെ സഹായത്തോടെ സെക്രട്ടറി തയ്യാറാക്കേണ്ടതാണ്. ഭരണസമിതി അംഗങ്ങൾക്കും സെക്രട്ടറിമാർക്കും റിസോഴ്സ്പേഴ്സൺമാർക്കും അവസ്ഥാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിശീലനം കില നൽകുന്നതാണ്.

4. 'പ്രാദേശിക സാമ്പത്തിക വികസന സെമിനാർ': അവസ്ഥാ പഠന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കിക്കഴിഞ്ഞാൽ 'പ്രാദേശിക സാമ്പത്തിക വികസന സെമിനാർ' സംഘടിപ്പിച്ച് ഏറ്റെടുത്തു നടത്താവുന്ന ബിസിനസുകൾ, സംരംഭങ്ങൾ നൈപുണ്യവികസന പരിപാടികൾ എന്നിവ മുൻഗണനാക്രമപ്രകാരം പട്ടികപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കരടു സാധ്യതാ പ്ലാനുകൾ തയ്യാറാക്കേണ്ടതുമാണ്. ജനപ്രതിനിധികൾ, ഘടക സ്ഥാപനമേധാവികൾ, സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ അംഗങ്ങൾ, വിവിധ പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ, കുടുംബശ്രീ എഡിഎസ് ഭാരവാഹികൾ, സി.ഡി.എസ്. പ്രതിനിധികൾ, കുടുംബശ്രീ ജില്ലാ മിഷൻ പ്രധിനിധികൾ, കുടുംബശ്രീ എം.ഇ.സി.മാർ, വിവരശേഖരണത്തിലും അവസ്ഥാ പഠനത്തിലും പങ്കാളികളായവർ സംരംഭ വികസന രംഗത്തെ വിദഗ്ധർ, സംരംഭകർ, വാണിജ്യ-വ്യവസായസംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട വിഷയ മേഖലയിലെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികൾ എന്നിവരെ പ്രാദേശിക സാമ്പത്തിക വികസന സെമിനാറിൽ പങ്കെടുപ്പിക്കേണ്ടതാണ്. ആസൂത്രണ നടപടികളുടെ ഭാഗമായി സംഘടിപ്പിക്കുന്ന വികസന സെമിനാറിന്റെ കാര്യപരിപാടി ആവശ്യമായ മാറ്റങ്ങളോടെ പ്രാദേശിക സാമ്പത്തിക വികസന സെമിനാറിനും അവലംബിക്കാവുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസന സെമിനാറിൽ തയ്യാറാക്കിയ സാധ്യതാ പ്ലാനിലെ ആശയങ്ങൾ കൂടുതൽ ചർച്ചചെയ്തും അവസരങ്ങളും വെല്ലുവിളികളും വിശകലനം ചെയ്തും അവയിൽ നിന്നും ഉചിതമായവ തെരഞ്ഞെടുത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന സാധ്യതാ പ്ലാനുകളിലെ ആശയങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾ ക്രോഡീകരിക്കണം. തുടർന്ന് പ്രദേശിക സാമ്പത്തിക വികസന സെമിനാർ വിളിച്ചുകൂട്ടി വിശകലനം ചെയ്ത് ബ്ലോക്ക്തല സാധ്യതാ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

6. ബ്ലോക്ക് പഞ്ചായത്തുകൾ തയ്യാറാക്കുന്ന സാധ്യതാ പ്ലാനുകളിലെ ആശയങ്ങൾ ജില്ലാ പഞ്ചായത്തുകൾ ക്രോഡീകരിക്കണം. തുടർന്ന് പ്രദേശിക സാമ്പത്തിക വികസന സെമിനാർ വിളിച്ചുകൂട്ടി വിശകലനം ചെയ്ത് ജില്ലാ പഞ്ചായത്ത്തല സാധ്യതാ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

7. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് ഒരു ദീർഘകാല പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിനും മുൻഗണനാ മേഖലകൾ കണ്ടെത്തുന്നതിനും പ്രദേശത്ത് സാദ്ധ്യതയുള്ള പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കുന്നതിലും അവസ്ഥാപഠനത്തിനും തുടർന്നുള്ള വികസന സെമിനാറിനും വലിയ പ്രാധാന്യമാണുള്ളത്. എന്നാൽ തൊഴിൽദായക സംരംഭങ്ങൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും സഹായങ്ങൾ നൽകുന്നതിന് അവസ്ഥാപഠന പ്രക്രിയയോ സെമിനാറുകളോ മുന്നുപാധിയാക്കേണ്ടതില്ല. സംരംഭകരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ അവയിന്മേൽ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

**അനുബന്ധം – 4**

# ഹാക്കത്തോണുകൾ

[ഖണ്ഡിക 5.1.1(d) കാണുക]

(1) പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനോ ഒരു പ്രശ്നം പരിഹരിക്കുന്നതിനുള്ള സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോ വേണ്ടി വലിയൊരു വിഭാഗം വിദഗ്ദ്ധരുടെ സാങ്കേതിക പരിജ്ഞാനം ഒരു നിശ്ചിത കാലയളവിനുള്ളിൽ ഒരുമിച്ച് ഉപയോഗിക്കുന്നതിന് വിവര സാങ്കേതിക വൈജ്ഞാനിക മേഖലകളിൽ ഉപയോഗിക്കുന്ന ഒരു മാർഗ്ഗമാണ് ഹാക്കത്തോൺ. കൗശലക്കാരായ പ്രോഗ്രാമർമാരെ സൂചിപ്പിക്കുന്ന ഹാക്കർ, സ്ഥിരോത്സാഹവും ക്ഷമതയും ആവശ്യമായ മാരത്തോൺ എന്നീ വാക്കുകളുടെ സങ്കരമായാണ് ഹാക്കത്തോൺ എന്നവാക്ക് ഉരുത്തിരിഞ്ഞിട്ടുള്ളത്. വിവര സാങ്കേതിക മേഖലയിൽ വിജയികരമായി ഉപയോഗിക്കപ്പെട്ടിട്ടുള്ള ഈ സങ്കേതത്തെ പ്രാദേശിക തലത്തിലുള്ള സംരംഭ സാധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനായി ഉപയോഗിക്കാം.

(2) സംരംഭകത്വത്തിന് സാദ്ധ്യതയുള്ള ആശയങ്ങളോ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളോ ആ പ്രദേശത്തെ വിദഗദ്ധരുടെയും പരിചയ സമ്പന്നരുടെയും മുന്നിൽ അവതരിപ്പിച്ച് അവരുടെ കൂട്ടായ ചിന്തയിലൂടെയും ചർച്ചയിലൂടെയും പ്രശ്ന പരിഹാരവും സാധ്യതകളും പുതിയ അശയം രൂപപ്പെടുത്തുകയാണ് ചെയ്യേണ്ടത്. ഇങ്ങനെ രൂപപ്പെടുത്തുന്ന അത്തരം ആശയങ്ങൾ നിലവിലുള്ള സംരംഭകർക്കോ പുതിയതായി സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവർക്കോ ഉപയോഗിക്കാവുന്നതാണ്.

(3) കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെഡിസ്ക്), കേരള സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയവയുടെ സഹായത്തോടെ ഹാക്കത്തോണുകൾ സംഘടിപ്പിക്കാവുന്നതാണ്. പ്രാദേശികമായി ലഭ്യമായ വിദഗ്ദ്ധരുടെ സഹായത്തോടെയും ഹാക്കത്തോണുകൾ സംഘടിപ്പിക്കാം. എല്ലാ തലങ്ങളിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഈ പ്രവർത്തനം നടത്താവുന്നതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്കായിരിക്കും ഹാക്കത്തോണുകൾ സംഘടിപ്പിക്കേണ്ടതിന്റെ ചുമതല. ഹാക്കത്തോണുകൾ സംഘടിപ്പിക്കുന്നതിന് വാർഷിക പദ്ധതിയിൽ തുക വകയിരുത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപവരെയും, ബ്ലോക്ക് പഞ്ചായത്ത്/നഗരസഭകൾക്ക് 10 ലക്ഷം രൂപവരെയും, ജില്ലാ പഞ്ചായത്തുകൾക്കും, കോർപ്പറേഷനുകൾക്കും 15 ലക്ഷം രൂപവരെയും ഇതിനായി ചെലവഴിക്കാം. കൂടാതെ ആവശ്യമെങ്കിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് ഫണ്ട് സ്വരൂപിക്കാവുന്നതുമാണ്. ഇതിനായി വിദഗ്ദ്ധരുടെയും മറ്റും സേവനം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ പിന്തുണ ജില്ലാ പഞ്ചായത്തുകൾ നൽകേണ്ടതാണ്. ഹാക്കത്തോണുകൾ സംഘടിപ്പിക്കുകഎന്നത് ഒരു നിർബന്ധിത വ്യവസ്ഥയായി കണക്കാക്കേണ്ടതില്ല. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സാധ്യതകൾക്കനുസരിച്ച് അനിവാര്യമെങ്കിൽ മാത്രം ഹാക്കത്തോണുകൾ സംഘടിപ്പിച്ചാൽ മതിയാകും .